

ട്രെസ്സ്ച്ച് മാഗസിൻ' ഫെബ്രുവരി രണ്ട്

നിനവ്

എസ്സെച്ച് കോളേജ് മാഗസിൻ'82

NINAVU
SACRED HEART COLLEGE MAGAZINE 1982

Editorial Board
Fr. Mathai Archangel, C. S. Jayaram, C. M. Das, Tom Varghese, K. G. Narayanan (Staff Advisers)
Ramkumar Sreekantan (Student Editor), S. Sanandakumar, Nam H. S.,
Shirin Mohammed, Jaison John (Student members) Johnson K Paulose, Shaju Jacob (ex-officio)

Student members of the editorial Board

S. Sanandakumar

Shirin Mohammed

Nam H S

Jaison John

Blocks : Cochin Blocks

Printing: Orient, Ernakulam

Front cover photograph: Luca Invernizzi

Illustrations: Shaji MM, Anoop B, Jaison John

Page Lay out: K. S. Ramachandran

Feature Unit:
Sanandan, Nam, Shirin

Interviews:
V Rajakrishnan, Rajmohan Gandhi

Special Features:
Documents for Drama and Revolution
The History of Palestinian Woe.

ഒരു കിനാവു മാത്രമായി ഞങ്ങളിലുറങ്ങിയിരുന്ന ഈ നിനവ് ഒരു സത്യമാക്കിത്തീർക്കാൻ ആത്മാർത്ഥമായി ശ്രമിച്ച കുറെ പ്പേർ മനസ്സിലേയ്ക്കു വരുന്നു. അവരോടു നന്ദി പറയുന്നതു തികഞ്ഞ ധിക്കാരമാണെന്നു് അറിയാതെയല്ല. എങ്കിലും, ഫാദർ വർഗീസ് പാലമറ്റം, യൂണിവേഴ്സിറ്റി കോളെജിലെ രാമചന്ദ്രൻ, പിന്നെ മുരുദ്ധരൻ, ദാസ്,സുരേഷ്,നാരായണൻ എം.വി. എന്നിവരോടു് ചെയ്യുന്ന ഈ ധിക്കാരം അവർ പൊറുക്കുമെന്നാണു് ഞങ്ങളുടെ വിശ്വാസം. ഹിബീബ് തൻവീർ, ആനന്ദ്, ഓറിയൻറിലെ സിബിച്ചൻ, കൊച്ചിൻ ബ്ലോക്ക്സിലെ സൗഹൃദങ്ങൾ, ആ സ്ഥാപനങ്ങളിലെ തൊഴിലാളികൾ ഇവരോടൊക്കെ തീരാത്ത കടപ്പാടുണ്ടു്.

ബഹുമാന്യനായ ഫാദർ അക്വിനാസിന്റെ ശിക്ഷണത്തിനു് അവസരം ലഭിച്ചിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം, അദ്ദേഹത്തിന്റെ സ്നേഹം നിറഞ്ഞ പെരുമാറ്റം അവരെന്നും സൂക്ഷിക്കും. അദ്ദേഹത്തിനു് ഹൃദയം നിറഞ്ഞ വരവേൽപ്പു്.

Rev. Fr. Aquinas CMI

നമ്മുടെ നാടു് ഇരുളിലേയ്ക്കു് കൂപ്പുകുത്തിക്കൊണ്ടിരുന്ന ഒരു സമയത്താണു് ഫാദർ ആർക്കേയ്ഞ്ജൽ നമ്മുടെ സാരഥിയാവുന്നതു്. സമരങ്ങൾക്കും അനിശ്ചിതത്വങ്ങൾക്കുമിടയിൽ ശാന്തിയുടെ കരുത്തനായ പ്രവാചകനായിരുന്നു അദ്ദേഹം. നമ്മുടെ കോളെജു് കൈവരിച്ച പുരോഗതി ആ മഹനീയ സാരഥ്യത്തിന്റെ ഓർമ്മയെന്നോണം ഇന്നും പച്ചയായി നിൽക്കുന്നു. ആറുവർഷത്തെ സേവനത്തിനുശേഷം അദ്ദേഹം വിരമിച്ചതു് ഈ വർഷമാണു് അദ്ദേഹത്തിനു് മംഗളങ്ങൾ.

Rev. Fr. Eleazer CMI Manager



When a transition takes place, a student is bound to
react to it. The college magazine is a mirror
which reflects the real extent of his reaction.
We believe, a magazine should sense the
tempo of the change and so should serve the
tri purpose of information, expression and reaction.
This has been borne in mind
when the pages of *Ninavu* were being created.
An attempt has here been made to kindle a flame
of thought in the student's mind towards the
decaying values in education and public life
through a symposium and a write-up *Appu VS Appu*.
Going to the world at large, the two issues which have
captured the world attention have been dealt with
rather comprehensively-Palestine and Poland
Rather than keep on repeating like a stuck gramophone needle
we've tried to explore new continents of ideas
through a novel path of experimentation.
That is why *Ninavu* may appear to you as
something off-beat.

Ramkumar Sreekantan
Student Editor.

ഒരു നീണ്ട പൈതൃകത്തിന്റെ
ജീർണ്ണാവശിഷ്ടങ്ങളിൽ നിന്ന്
തീരെ പെറുതായിപ്പോയ മനുഷ്യരെ കൈപിടിച്ചുയർത്തുമ്പോഴും
ഭാവിയുടെ നിറച്ചെപ്പിലേയ്ക്ക്
തന്റെ പേരും ഒഴുകിയെത്തുമെന്ന്
ആ മനുഷ്യൻ കരുതിയിട്ടുണ്ടാവില്ല.
കറുത്ത കറുതായ ആ മനുഷ്യന്
തന്റെ വലിയ ഹൃദയം കൊണ്ട്
മനുഷ്യരാശിയുടെ
നവ്യശിഖരങ്ങളിലേയ്ക്ക് എത്തിനോക്കാനാവുമായിരുന്നു.
ആ മനുഷ്യൻ, വി. ടി.
ലോകമറിയുന്ന വി. ടി. ട്ടെതിരിപ്പാട്
കടൽത്തിരപോലെ അലയടിച്ചെത്തുന്ന
ആ വലിയ മനസ്സിനുമുമ്പിൽ
ആദരപ്രണാമങ്ങളോടെ
ഞങ്ങളും ഇത് നിവ്വ് സമർപ്പിയ്ക്കുന്നു.

മുഖചിത്രക്കുറിപ്പ്

ശിൽപകല മഥുരയിലെ കല്ലുകൾ

ഇന്ത്യൻ മനസ്സിന്റെ ജ്യോതിസ്സുവന്നു നിറയുന്ന ദൃശ്യപരമ്പരകളിലാകെ, മഥുരയുടെ നിതാന്തസ്മൃതികളം അലിഞ്ഞു ചേർന്നു കിടക്കുന്നു. ജന്മാഷ്ടമിയുടെ ഓമ്മകൾക്കും ഭൂമിശാസ്ത്രപരമായ പ്രധാന്യങ്ങൾക്കുമപ്പുറം മഥുരയെ വേർതിരിച്ചു നിർത്തുന്ന ചില പ്രത്യേകതകളുണ്ട്. തുടർച്ചയായി ഒരു സഹസ്രം വർഷങ്ങൾ വേരോടിച്ചു വളർത്തിയ ശില്പകലയിലെ അനന്ത വൈവിദ്ധ്യങ്ങളെ മറവിയ്ക്കു കൊടുത്തു് മഥുരയെക്കുറിച്ചു ചിന്തിയ്ക്കാൻ സാദ്ധ്യമല്ല. മഥുരയിലെ മ്യൂസിയത്തിൽ സൂക്ഷിച്ചുവച്ചിട്ടുള്ള ശില്പഭംഗി വഴിഞ്ഞൊഴുകുന്ന അസംഖ്യം കല്ലുകളം ഈ സത്യം വിളിച്ചു പറയുന്നു. നൂറ്റാണ്ടുകളം കടന്നു് സിന്ധുവിന്റെ സമതലങ്ങളിൽ ആ മാസിഡോണിയൻ ചെറുപ്പക്കാരൻ, അലക്സാണ്ടറുടെ കുതിരകളം മേയുന്നിടം വരെ ചെന്നെത്തുന്ന കഥകളം അവയുടെ മന:സംഭരണികളിലുണ്ടു്. സൈന്ധവനാഗരികതയിൽ നിന്നു തുടങ്ങി വർത്തമാനകാലത്തിലും പോയ്മറയാത്ത കളിമണ്ണിന്റെ കലയാണു് കരവിരുതിലൂടെ മഥുരയിൽ പിറവികൊണ്ടതു്. ഭാരതത്തിന്റെ എല്ലാ ഭ്രവിഭാഗങ്ങളിലും ജന്മസാഫല്യം കണ്ട ടെറാക്കോട്ട സംസ്കൃതത്തിലെ പ്രസിദ്ധമായ ഒരു കോമഡിയ്ക്കു് വിത്തുപാകി: എ ഡി ഒന്നു് അല്ലെങ്കിൽ രണ്ടാം നൂറ്റാണ്ടിൽ ശൂദ്രകനായിരുന്ന ആ നിയോഗം. ടെറാക്കോട്ടയിൽ ഇന്ത്യയിലെ പ്രധാന ശില്പകേന്ദ്രമായിരുന്നു. അന്നു്, മഥുര. പാടിനയും ബക്ട്രയുമായിരുന്ന മറ്റു കേന്ദ്രങ്ങളം. ചരിത്രാതീത കലകളെല്ലാം പോലെ, ഭൂമിദേവിയെ പ്രതീകവൽക്കരിച്ചു് ശില്പി രൂപം നൽകുന്ന മാതൃരൂപമാണു് ഇവിടെയും പ്രധാന സൃഷ്ടി. ഇപ്പോഴും നിലനിൽക്കുന്ന പല ശില്പങ്ങളും മൗര്യകാലത്തേതാണെങ്കിലും, അവയുടെയെല്ലാം മൂലധാര ആ കാലത്തിനുമെത്രയോ മുമ്പു നിന്നും ആരംഭിച്ചിരിയ്ക്കാമെന്നാണു് വിദ്വാന്മാരുടെ അഭിപ്രായം. യവനാധിപത്യത്തിനുശേഷം, സാമാന്യ ജനങ്ങളുടേയും വരേണ്യവർഗ്ഗത്തിന്റേയും കലകംതമ്മിൽ ഒരു ഇഴയടുപ്പം സൃഷ്ടിച്ചെടുക്കാൻ മൗര്യ ഭരണം ശ്രമിച്ചു. യക്ഷന്റേയും മറ്റും ശില്പങ്ങളിൽ നാടൻ പാരമ്പര്യത്തിന്റെ ഒരു പുതിയ സംസ്കരണം കണ്ടെത്താൻ കഴിഞ്ഞേക്കും. മാത്രവുമല്ല, ഇതിനോടടുപ്പിച്ചു് വാർത്തെടുത്ത പെരിയ ടെറാക്കോട്ട രൂപങ്ങളിൽ നിന്നു് ബൃഹത്മാനങ്ങളുള്ള ചിന്തേരിട്ട കല്ലുകളിലേയ്ക്കുള്ള കലയുടെ പ്രയാണവും മഥുരയിൽ തുടങ്ങുന്നു. യക്ഷന്റെ പ്രസ്തുത പ്രതിമ ഒരു നൂറ്റാണ്ടുകൾക്കു മുമ്പു് പാർഖം എന്ന ഗ്രാമത്തിൽ കണ്ണിംഗ്ഹാം കണ്ടെത്തുമ്പോഴും ജനങ്ങൾ അതിനെ ആരാധിച്ചിരുന്നു. മദ്ധ്യേഷ്യയിലെ കപിശത്തിൽ നിന്നും പിന്നെ മഥുരയിൽ നിന്നും കുഷാനരാജാക്കന്മാർ തങ്ങളുടെ സാമ്രാജ്യം ഭരിച്ചു. രണ്ടാം നൂറ്റാണ്ടിൽ കനിഷ്കന്റെയും

ഹവിഷ്കന്റെയും രേണത്തോടെ മഥുരയുടെ സ്ഥാപത്യകല അതിന്റെ പ്രഥമ മഹത്വത്തിലേയ്ക്കുയരുന്നു. ബുദ്ധപാരമ്പര്യം തങ്ങളുടെ നിയമത്തിന്റെ ധാർഷ്ട്യം നിറഞ്ഞ ഒരു രക്ഷകനായി കനിഷ്കനെ കണക്കാക്കുന്നു. ഒരു കാലത്ത് മഥുരയിൽ ബുദ്ധനെയായികൊണ്ട് ഒരു വിദ്യാകേന്ദ്രമുണ്ടായിരുന്നു; അവർ അവരുടെ സ്തൂപങ്ങളും അവിടെ പണിതുയർത്തി.

ഹിന്ദുക്കുഷിനുമപ്പുറത്തു്, ബാക്ട്രിയയിൽ നിന്നും യവനരാജാക്കന്മാർ ഇടയ്ക്കിടെ ഹിന്ദുക്കുഷ് വഴി പെഷവാറിലേയ്ക്ക് തള്ളിക്കയറ്റം നടത്തിക്കൊണ്ടിരുന്നു. അങ്ങനെ ബാക്ട്രിയൻ പ്രദേശങ്ങളിലുണ്ടായ ഗാന്ധാരകല ബുദ്ധമതശാസ്ത്രവും യവന ശില്പ രീതിയും തമ്മിലുള്ള ഒരു കൂടിച്ചേരലിൽ നിന്നുമുരുത്തിരിഞ്ഞു വന്നതാണെന്നാണ് അഭിജ്ഞമതം. ഒന്നാം നൂറ്റാണ്ടിലാവണം, മിക്കവാറും, ഗാന്ധാരകല ഉറവെടുത്തതു്. അതുകൊണ്ടുതന്നെ, മഥുരയിലെ ശില്പകലയും ഗന്ധാരകലയിൽ നിന്നും രൂപം കൊണ്ടതാണു് എന്നായിരുന്നു ആദ്യകാല ചരിത്രകാരന്മാർ വിശ്വസിച്ചിരുന്നതു്. കുഷാനവംശത്തിനു് മുന്നു പ്രധാന സ്ഥാപത്യധാരകളുണ്ടെന്നതിനു് ഇന്നു വ്യക്തമായ തെളിവുകളുണ്ടു്. ഓക്സസ് പ്രദേശത്തും, ഗാന്ധാര ദേശത്തും പിന്നെ, മഥുരയിലും. സിക്രിയിലെ പുള്ളികളുള്ള ചുവന്ന മണൽക്കല്ലാണു് മഥുരയിൽ ശില്പികൾ ഉപയോഗിച്ചതു്. ഗാന്ധാരദേശവുമായുള്ള സമ്പർക്കം നിമിത്തം മഥുരയിലെ ശില്പങ്ങളിൽ അല്പം ഗ്രീക്കു് സ്വാധീനം കണ്ടെത്താവുന്നതാണു്. എന്നാൽ, പ്രധാനമായും മഥുരയിലെ ശില്പകല വളർന്നതു് സാഞ്ചിയുടെ, ഭാർഹട്ടിന്റെ എല്ലാം പാരമ്പര്യം പിൻ പറ്റിക്കൊണ്ടായിരുന്നു. ഗുപ്തകാലത്തിനു് മഥുര അങ്ങനെ മധുരതരമായ ഒരു ഈടുവയ്പായി. കുഷാനകാലമഥുരയുടെ ശിൽപങ്ങളിലൊന്നു് മൃച്ഛകടികത്തിലെ ഒരു ഉപകഥയിൽനിന്നും പ്രേരണ ഏറ്റുവാങ്ങിയതാണു്. ഒരു പരിധിവരെ മതനിരപേക്ഷരായ കുഷാന രാജാക്കന്മാർ ബുദ്ധമതത്തിനൊപ്പം ജൈനമതവും ഹിന്ദുമതവും സ്വാംശീകരിയ്ക്കാൻ ശ്രമിച്ചു. ജൈനസ്തൂപങ്ങൾക്കു് അത്രമാത്രം സാമ്യം ബുദ്ധസ്തൂപങ്ങളോടുണ്ടു്. അവയുടെ പുറമേ, ഇന്നു നിലനിൽക്കുന്ന ശിൽപങ്ങളിൽ, ഹിന്ദുദൈവങ്ങളുടെ സാങ്കൽപിക രൂപങ്ങളും ധാരാളമുണ്ടു്. ബുദ്ധശിൽപകല ആദ്യകാലത്തു് ബുദ്ധന്റെ രൂപങ്ങളും യഥാർത്ഥമായി കൊത്തിയെടുക്കാതെ, സൂതാര്യമായ പ്രതിരൂപങ്ങളുടെ വഴി അദ്ദേഹത്തെ കല്ലുകളിൽ കുടിയിരുത്തി. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ ഇതിനു മാറ്റം വന്നു. ഗാന്ധാരദേശത്താണോ മഥുരയിലാണോ ആദ്യം ഈ മാറ്റം അരങ്ങേറപ്പെട്ടതെന്നു വ്യക്തമല്ല. എങ്കിൽപോലും യവനസാദൃശ്യമേറെയുള്ള ഗാന്ധാരത്തിൽ നിന്നും കടമെടുക്കപ്പെട്ടതല്ല മഥുരയിലെ കല്ലുകളിൽ കൊത്തിവയ്ക്കപ്പെട്ടിട്ടുള്ള ശിൽപങ്ങൾ. ലോക കലയിലെ മാസ്റ്റർപീസുകളാണു് മഥുരയിലെ ബുദ്ധ പ്രതിരൂപങ്ങൾ. ഗുപ്തകാലത്തു കൈവന്ന ഈ ശിൽപസമൃദ്ധി ആറാം നൂറ്റാണ്ടോടെ അതിന്റെ അവസാനം കണ്ടു.

പാതകളിൽ ഒറ്റപ്പെട്ടന്ന ഒരാൾ

മേരി ജോസഫ്
എം എ ഇംഗ്ലീഷ് ഒന്നാംവർഷം

ഒന്ന്, രണ്ട്, മൂന്ന്.
ചലനമേറ്റുവാങ്ങിയ ഓട്ടപ്പന്തയത്തിനായി
ദ്രുതവേഗങ്ങളിൽ അവരൊരുങ്ങിയിരിയ്ക്കുന്നു.
ഉയരുന്ന കിതപ്പും എല്ലാമകറ്റുന്ന തളർച്ചയുമായി
ഓട്ടുന്നവർക്കൊപ്പം ഈ ഞാൻ.
അവർ മുന്നോട്ടായുമ്പോഴും
ഉന്നതിയിലെത്തുന്ന അട്ടഹാസങ്ങളും
ചുറ്റുമുള്ള കരച്ചിലുകളും ഞാൻ കേൾക്കുന്നില്ല.
മുന്നോട്ടായാൻ ആവേശോത്സാഹങ്ങളും
ഊർജ്ജം പകരുമ്പോഴും
ഞാൻ പിന്തള്ളപ്പെടുന്നു.
വേദന വന്നുനിറയുന്ന പാദങ്ങളും
മൃതിയിലേയ്ക്കെത്തിയ്ക്കുന്ന ക്ഷീണിതമായ വ്യഥകളും
മൂടൽ മഞ്ഞിൽ സ്വയം നഷ്ടപ്പെട്ട എന്നെ
ഈ പാതകളിലൊറ്റപ്പെടുത്തുന്നു.
എനിയ്ക്കു മുമ്പിൽ
നേരെന്നോ നിത്യമെന്നോ അറിയാത്ത
കലങ്ങിയ, ഇരുൾപുരണ്ട, അനന്ത വീഥികളും.

മനുഷ്യരെത്തിപ്പെട്ട ദിശകളും, അവരുടെ ലക്ഷ്യങ്ങളും എല്ലാം
മങ്ങി അവ്യക്തമായിരിയ്ക്കുന്നു.

ചിലപ്പോൾ, അവർ പിറകിലായി മടിയ്ക്കുന്നുണ്ടാവും.

എന്റെ ഹീനമായ നിഴൽ
എന്നെ സാന്ത്വനപ്പെടുത്തുന്നു:

"ഇനി, നിനക്കു ലക്ഷ്യം കണ്ടെത്താം"—
ആ നേരത്തു് മുറിവേറ്റ കാൽമുട്ടുകളുമായി
ഞാൻ താഴെ കഴഞ്ഞു വീഴുന്നു.
തവിട്ടു നിറമുള്ള, പഴുത്ത ഇലകളും കിരീടം ചാർത്തുന്ന
എന്റെ ശരീരം എനിയ്ക്കുപരിചിതമായിത്തുടങ്ങിയിരിയ്ക്കുന്നു.
വിജയപീഠത്തിൽ വീണ്ടും
ആരംഭിച്ചിട്ടും എനിയ്ക്കായി ആരവമുയർത്തുന്ന
ആഹ്ലാദലഹരി നുരയുന്ന നേരത്തു്
എന്റെ കൂടെ ഉത്സവത്തിനായി
എന്റെ ചിരകാല സ്നേഹിതനല്ലാതെ
ആരുമെത്തുന്നില്ല.

ആ ഓർമ്മയും ഇപ്പോൾ മങ്ങിത്തുടങ്ങുന്നു.

ആരോ അറിയാതെങ്ങോ കൊഴിഞ്ഞു വീണ
സ്വപ്നങ്ങളും.
സ്വപ്നത്തിന്റെ
ഓരോ ആലിഴകളിലും
ഒരാത്മാവിന്റെ ദു:ഖത്തെ-
പ്പട്ടുത്തുയർത്തുവാൻ
എന്നിൽ,
കരിച്ച ഒരു നൂറ് ഓർമ്മകളുടെ ചിതൽപ്പുറ്റുകളും
മാത്രം.
ഇനിയും
ഈ തീരത്ത്,
തീരത്ത് തീരുന്ന തിരകളുടെ ആരവത്തിൽ,
ഞാനും
എന്നിൽ മരിച്ച എന്റെ അസ്ഥിയും
ഒരു സ്മാരകമായി ഉയരവേ
എന്റെ
ഏകാന്തതകളിൽ,
ഓർമ്മകളിൽ.....
തനിമയുടെ നീരസം പകർന്ന
ഒരു പെൺകുട്ടിയുടെ
തുടുത്ത മുഖം
അലിഞ്ഞു പോകുന്നുവോ?
നിഴലുകളെ,
ആത്മാവിലെങ്ങോ പ്രിതറി വീണ
പ്രതീക്ഷകളെ,
നിങ്ങളും,
നിങ്ങളിൽ ഞാൻ
പട്ടുത്തുയർത്തിയ താളങ്ങളും

രാഗങ്ങളും
ഈ
സന്ധ്യയുടെ തുടുപ്പിൽ
രാത്രിയുടെ ഉയിർപ്പിൽ
ഈ തീരത്തിൻ,
അലകളുടെ വരവിനു മുമ്പ്
എഴുതിയ കവിതപോലെ
പതഞ്ഞു കയറിയ
വെള്ളത്തുള്ളികളിൽ
മായുന്നുവോ?
കണ്ണുകളിൽ
പടുത്തുയർത്തിയ
സുന്ദരമായ ഒരു സ്നേഹത്തിന്റെ
അവസാനം
ഒരിറ്റു കണ്ണീരിന്റെ
നനവിൽ
അലിയുമ്പോഴും,
മൗനം സ്നേഹമാണെന്ന
തത്വത്തിന്റെ
ചിലന്തിവലകളിൽ
തൂങ്ങി
ഞാനും
എന്നിൽ വിടർന്ന
പനിനീർപ്പൂക്കളും
വാടിക്കരിഞ്ഞുവോ?
വിട!
തീരങ്ങളെ വിട!

എം. വി. ദിനകരൻ

ബീകോം മൂന്നാം വർഷം

ECONOMIC SCENE

The Million Dollar Threat

It was to gain time and introduce the neccessary flexibility into the economy that the government went for the I M F loan, it is said. The trade gap was widening as ever, a staggering Rs 5,500 crores was the last years trade deficit, with that the price inflation, the unemployment problem all needed immediate attention. But public passion was aroused when the press and the opposition together highlighted the strict conditions thrust upon the borrower. When finally the hush – hush negotiations on high finance announcing the largest loan in the history (Rs 5000 Crores) of international finance, was concluded, the financial wizard from Culcutta Ashok Mitra commented "the capital of India has shifted from Delhi to Washington."

It was a clear case of intervening on our internal policies. The I. M. F. had to be furnished with all kinds of information covering the entire gamut of the economy, information which comes under the head "classified". The conditions imposed on the economy when implemented will result in structural changes in fact that is what the Fund demands. Putting an end to budget deficits, tightening money supply, to control inflation, cutting all subsidies, loosening the controls on the economy and liberalising imports are some of the conditions borrowed from the I. M F. along with the credit. But when put into practice these directions may bring about many problems which are not easily solved. Cutting subsidies means spiralling prices of all the subsidised items. These comprise food, fertilizers, bus and rail fare and other sensitive areas But this development comes into conflict with the other condition of curbing inflationary pressures. Again, reducing fiscal deficits mean reducing governmental spending. But this results in cutting back on social welfare budget for education, health, nutrition etc. Many of the developing countries pledged to the path of socialistic development cannot tolerate this export of Reganomics.

The I M F has a past record of reducing the borrowing nations to bankruptcy. In Morocco there were food riots when under I. M. F directions they slashed food subsidies and raised food prices. In Tanzania president Nyerere suddenly called off his application for loan when the 'structural' changes demanded by the I M F came into conflict with his national objectives. Sri Lanka and Turkey too had similar experience and finally called off their loans

The bitter memories of the 1966 devaluation of the Rupee is still green in Indian minds-that may be the reason why the present conditions does not include a devaluation clause. Liberalisation of imports is an essential condition for the west when they face a reccession and when exports are to necessary for them.

The burden this huge loan (equal to two - thirds of I. M. F's total lending last year) is going to impose on the economy would be heavy. Interset rates are at 6-8 percent and 12 to 15 percent.

According to Economic Times the repayment of principal and the interest together will add more than Rs 4000 Crores to the loan's liablities. Repayment begins by 1985-86 when the debt servicing charges will be more than Rs 600 Crores, rising to Rs 1,225 Crores in 1988-89.

The opening up of the economy for foreign investors after almost a generation can be considered as an aftermath of the loan. The big multinational corporations has been invited by the government to make investment here. But what one often fails to remember is the political confusion these multinational gaints cause especially when the country's government is a highly vulnerable democracy like that of India. They often corrupt the officials so that they serve not the national interest but the vested interest of the companies. The conditionality or the terms of the SDR 5.8 billion loan sanctioned by the I M F may be broadly considered under two heads, the adjustment criteria and the performance criteria. The adjustment criteria relates to the correction of the varrious imbalances in the economy while the performance criteria relates to the broad macro-economic score board of the country The further release of the loan instalments by the fund will be only after an evaluation of the performance of the economy. To rise to the high levels which the situation demands, this year (1982) has been declared as the 'Productivity year'.

During this productivity year, we can check our lethargy and shake of the economic stagnation in which we are bogged. No doubt we are not as powerless as Tanzania or Jamaica to become a mere puppet of the I M F, but unless handled with gloved hands this loan may turn out to be a Pandora's box. The valuable breathing time that I M F has gifted must be utilised in a manner that will enable us not only to revive ourselves, but also to ensure that we are able to repay the principal and interest. The criticism against the loan was not only from the leftist quarters, even moderates like the famous economist Mr. V. K. R. V. Rao were against it. "The I M F believies in private enterprise, private foreign investment, freedom for the operation of multinationals and general relaxation on imports. It is in these respects that the national objectives differ from that of the I M F", he remarked.

Prassana. H
Final. B. Com.

Despite all these criticisms, faced with such a large trade imbalance the government was left with no other alternative Since India was in a strong position and not yet reached the stage of panic, she could get away with comparitievely lenient terms But, the question is did the finance ministry commit a serious error in judgement, in asking for such a big loan when it knew that the loan would carry with it such strict terms and conditions? Was there no other viable alternative than to stake the country's financial freedom.

Would we be able to introduce the necessary dynamism into the economy so that the recovery is assured and repayment of the loan poses no problem? There are other loans to be repayed and only by reducing the import bill, encouraging export and increasing production to full capacity, can we hope to tame the situation. Otherwise the I M F loan can be a threat to whole nation, an impediment in the achievement national objectives.

OO

പോളിറ്റ് ബ്യൂറോയുടെ ധർമ്മസങ്കടം

നാം. എച്ച്. എസ്.
ബി. കോം രണ്ടാംവർഷം

ലോകകമ്മ്യൂണിസത്തിന്റെ തെളിവാർന്ന മുഖത്തു് അനിവാര്യമായി വന്നുവീണ ദുഃഖിപ്പിയ്ക്കുന്ന വൈരൂപ്യമാണു് പോളണ്ടു് എന്നു സമ്മതിച്ചുകൊണ്ടു് ഈ വരികൾ കുറിയ്ക്കുകയാവും ഭംഗി. അനിവാര്യത എന്ന വാക്കു്, മതപാവനതയിൽ നിന്നു കടം കൊണ്ടു പറഞ്ഞാൽ, ഒരു പലായനമായി ആരോപിയ്ക്കപ്പെട്ടേക്കാം എന്ന കാര്യം ഓർമ്മയിലെത്തുന്നു തുടർന്നു നാം പോളണ്ടിന്റെ ഭൂതകാലത്തിലൂടെ പ്രയാണം ചെയ്യുമ്പോൾ, ഉറപ്പുതരുന്നു, താനേ അഴിഞ്ഞു വീഴുന്ന വിശദീകരണമായി പ്രസ്തുത വാക്കു് നമ്മുടെ മനസ്സിലെത്തും. സംവേഗങ്ങളുടെ ചില്ലുജാലകങ്ങളിലൂടെ കണ്ണു പായിക്കുമ്പോൾ, എല്ലാ സമൂഹത്തിനും അവിടത്തെ മാറ്റങ്ങളെ സ്വാധീനിച്ച സുവ്യക്തമായ പ്രത്യേകതകളുള്ള സാഹചര്യങ്ങളുണ്ടു്. പോളണ്ടിനെസ്സംബന്ധിച്ചാവട്ടെ, ഇടതടവില്ലാതെ വന്നുകൂടിഞ്ഞ രാഷ്ട്രീയസമരങ്ങളും, അവയുടെ പാരമ്പര്യം, ഇത്തരത്തിപ്പെടുന്ന ഒരു ചങ്ങലക്കൊളുത്താണു്. ആ സമരങ്ങളെപ്പറ്റി പറയുന്നതിനു മുമ്പു് പോളണ്ടുമായി സാമ്യം വഹിയ്ക്കുന്ന മറ്റൊരു പ്രതിസന്ധിയെപ്പറ്റി അല്പം വിചാരിച്ചുനോക്കുന്നതു നന്നായിരിയ്ക്കും. ഒന്നു മറ്റൊന്നിന്റെ ദർപ്പണബിംബമെന്ന മട്ടിൽ, ഹംഗറിയും പോളണ്ടും. 1956 ഒക്ടോബർ–നവംബർ മാസങ്ങളിലായിരുന്നു അതു്. ഹംഗറിയിൽ കമ്മ്യൂണിസ്റ്റു പാർട്ടി ഭാഗം പ്രയ്ക്കപ്പെട്ട പ്രത്യയശാസ്ത്രസത്ത കളഞ്ഞു കളിച്ചു. പ്രധാനമന്ത്രിയായിരുന്ന ഇമർ നാഗി വലതുപക്ഷ റിബലുകളുടെ പാളയത്തിലേയ്ക്കു പോയി; ഹംഗറിയെ "വിമോചിതമായ, സ്വതന്ത്രമായ, ജനാധിപത്യമുള്ള, നിഷ്പക്ഷമായ" ഒരു രാഷ്ട്രമായി പ്രഖ്യാപിച്ചു. സോഷ്യലിസ്റ്റ് കൂട്ടത്തിൽനിന്നും രാഷ്ട്രത്തെ മാറ്റിപ്പാർപ്പിയ്ക്കുകയായിരുന്നു ഇതിന്റെ ഫലം.

ഒരു കാരിക്കേച്ചർ മാത്രമായി അവസാനിയ്ക്കുന്ന വലേസ – സിയൺ പോളിന്റെ കാർട്ടൂൺ

അവസാനം, വാഴ്സാ ഉടമ്പടി പ്രകാരം ബുഡാപെസ്റ്റിൽ താവളമടിച്ചിരുന്ന സോവ്യറ്റ് ടാങ്കുകളുടെ സഹായത്തോടെ ജാനോസ് കാദർ ഒരു നീണ്ടകാല ദുരിതത്തിനുതുടക്കമിട്ട ഹംഗറിയെ വീണ്ടെടുത്തു. 1981 ഡിസംബർ 13 ഞായറാഴ്ച പോളണ്ടിൽ ജനറൽ ജറുസൽസ്കി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോഴും ലക്ഷ്യമിതായിരുന്നുവെന്നു തോന്നുന്നു, ഹംഗറിയുടെ നിഴൽ പോളണ്ടിനുമേൽ വീഴരുത്. ഒരുപക്ഷെ, കാത്തിരുന്ന ഈ പ്രഖ്യാപനം ന്യായീകരിക്കപ്പെടേണ്ടതും ഇതേ കാരണത്താലാണ്. പോളണ്ടിനെപ്രതി, തികച്ചും പ്രതീകാത്മകമായ ഒരു ഞായറാഴ്ച എന്നു വിളിക്കട്ടെ, അവിടെ ഭൂരിപക്ഷമാളുകളും കത്തോലിക്കരാണ്. ആന്ദ്രേ വൈദയെ പോലുള്ള ധിഷണാശാലികളും ഒരു വിഭാഗം മാർക്സിസ്റ്റുകളും കൂടിയും സോളിഡാരിറ്റിയുടെ ചരട്വലിഞ്ഞൊത്താടുന്ന കാഴ്ച വീണ്ടും ഒരനിവാര്യതയുടെ ഭാഗമാവാം. വലേസ ഈ നൂറ്റാണ്ട് ദർശിച്ച അപൂർവ്വം ചില ഭാഗ്യശാലികളിലൊരാളാണ്. ഡാൻസ്കിലെ (Gdansk) ലെനിൻ ഷിപ്പ് യാഡിന്റെ മതിലു ചാടിക്കടന്നെത്തിയ വലേസയുടെ കൈയിൽ നേതൃത്വം താനേ ചെന്നു വീഴുകയായിരുന്നുവല്ലോ. അദ്ദേഹത്തെ അത്രമാത്രം പരിഗണനൽകി മാറ്റി നിർത്തി, പോളിഷ് പ്രതിസന്ധിയുടെ ചരിത്രപരമായ കാരണങ്ങളന്വേഷിച്ചാലും വലേസയെ കമ്മ്യൂണിസ്റ്റു നേതൃത്വത്തിന്റെ വീഴ്ച സൃഷ്ടിച്ച ഒരു ജൈവരൂപമായിക്കരുതി ആ വീഴ്ചയുടെതുടക്കവും ഒടുക്കവും കണ്ടെത്തുവാനുമാണ് ഈ ലേഖനം പ്രധാനമായും ശ്രമിക്കുന്നത്. പരിമിതിയുടെ വിലങ്ങുകൾ മുഴുവനുമായി അഴിച്ചുവയ്ക്കാതിരിക്കുമ്പോൾ, ഒന്നുമാത്രം കരുതുക, സത്യം നാമീപ്പറയുന്നതിനു മദ്ധ്യത്തിലെവിടെയോ ആണ്. അപ്പോൾ, വസ്തുതകൾ നിരത്തിവയ്ക്കുന്നതിൽ ശ്രദ്ധനൽകി ധ്രുവാന്തരം വെട്ടിക്കുറയ്ക്കുകയാണ് പന്ത്രണ്ടറിയ ഏർപ്പാട്. ഇത്രമാത്രം, ആമുഖമായി.

o

പോളണ്ട് ഒരു രക്തരൂക്ഷിതമായ വിപ്ലവത്തിലൂടെ സ്വതം കണ്ടെത്തിയ സോഷ്യലിസ്റ്റ് രാഷ്ട്രമല്ല. വാസ്തവത്തിൽ വിപ്ലവം അവിടെ ഇറക്കുമതി ചെയ്യപ്പെട്ട ഒരസംസ്കൃത പദാർത്ഥമായിരുന്നു. ഒരു വിപ്ലവത്തിലേയ്ക്ക് ഭൗതികമായും മാനസികമായും പാകത കണ്ടെത്തിയിട്ടില്ലാതിരുന്ന ഒരു ജനത പൊടുന്നനെ ഒരു പുലരിയിൽ സോഷ്യലിസത്തിലേയ്ക്കു വലിച്ചിഴയ്ക്കപ്പെടുകയായിരുന്നു. രണ്ടാം ലോകയുദ്ധം ഇതിനൊരു ഉത്പ്രേരകമായിത്തീർന്നു എന്നതു നേരാണ്. വിപ്ലവത്തിലേയ്ക്ക് വളർന്നുകഴിഞ്ഞിട്ടില്ലാത്ത ജനത എന്നു പറഞ്ഞാൽ അർത്ഥമാക്കുന്നതു, അവിടെ തൊഴിലാളിമുന്നേറ്റങ്ങളും ഉണ്ടായിട്ടേയില്ല എന്നല്ല. അതെ, ധാരാളം മുന്നേറ്റങ്ങളുണ്ടായിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം – 1905ലെ റഷ്യൻ വിപ്ലവം - തന്നെ സാറിസ്റ്റ് റഷ്യയുടെ ദുഃഖം മുഴുവൻ ശക്തിയാക്കി മാറ്റിക്കൊണ്ടാണല്ലോ. രണ്ടുയുദ്ധങ്ങളുടെ ഇടയിൽ പോളിഷ് പ്രതിസന്ധി ഉയർത്തുന്ന സമസ്യകൾ എളുപ്പം നിർദ്ധാരണം ചെയ്യാവുന്നവയല്ല. പ്രത്യയശാസ്ത്രത്തോട്ട് സത്യസന്ധത പുലർത്തുന്ന ഏതൊരു മനസ്സിനും വേപഥു സമ്മാനിയ്ക്കുന്ന ഒന്നാണ് ആ സമീപകാല ദുരന്തം.

വേളയിൽ പോളണ്ടിൽ നടന്നതു വളരെയധികംപേർ ദാരുണമായി വധിയ്ക്കപ്പെട്ട, നീണ്ട തൊഴിലാളി സമരങ്ങളാണ്. 1923ലെ ക്രാക്കോയും മുപ്പതുകളിലെ പോപ്പുലർ ഫ്രണ്ട് മൂവ്മെന്റും ഓർക്കുക. തികച്ചും വ്യത്യസ്തമായ സന്ദർഭമാവുന്നതു 1937ലാണ്, കർഷകരുടെ നേതൃത്വത്തിൽ ഒരു രാഷ്ട്രീയസമരം. പിന്നെ, രണ്ടാം ലോകയുദ്ധകാലത്തെ അവിസ്മരണീയമാക്കിത്തീർത്ത, ഒരു പുതിയ ഇതിഹാസം ചമച്ച കർഷകമുന്നേറ്റം. ഇവ കൈനാട്ടികളാവുന്നതു ഇന്നിലേയ്ക്കാണ്: പോളണ്ടിനു ഏക്കാലവും പീഡനം സമ്മാനിയ്ക്കുന്ന ഭരണത്തിനെതിരേ ഒരു പടയണി സൃഷ്ടിച്ച പാരമ്പര്യമുണ്ട്. പുതിയ പ്രതിസന്ധിയെ, അവിടത്തെ സാമൂഹ്യ–സാമ്പത്തിക സാഹചര്യങ്ങളെ, രാഷ്ട്രീയത്തെ ഒക്കെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ഈ ചരിത്രസത്യത്തിന്റെ പങ്കു ചെറുതല്ല.

യുദ്ധാനന്തരപോളിഷ് പ്രവിശ്യകളിൽ സാമൂഹ്യ സാമ്പത്തിക ഘടന വളരെയേറെ മാറ്റിമറിയ്ക്കപ്പെട്ടു. കിഴക്കൻ പോളണ്ടിന്റെ ഗണ്യമായ ഭാഗങ്ങൾ നഷ്ടമായി, മുമ്പത്തെ ജർമ്മനിയുടെ ഭാഗങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു; ഉടൻ വ്യാവസായികരണപദ്ധതി വഴി ഘനവ്യവസായത്തിനു പോളിഷ് സമ്പദ് വ്യവസ്ഥയിൽ പ്രാമുഖ്യം വന്നുചേർന്നു. ഡാൻസ്ക്, ഷേസിൻ പ്രദേശങ്ങളിൽ കപ്പൽനിർമ്മാണകേന്ദ്രങ്ങൾ സ്ഥാപിയ്ക്കപ്പെട്ടു. ഇവ നഗരവൽക്കരണത്തിനു അടിത്തറയിട്ടു. കാർഷികമണ്ഡലത്തിൽ നിന്നു വിട്ടുകാരി ജനങ്ങൾ മാറുജോലികൾ അന്വേഷിച്ചു തുടങ്ങി. പക്ഷെ, ഇപ്പോഴും സ്വകാര്യവിളയിടങ്ങൾ വഴി തൊഴിലിൽ മുന്നേറിയിരിയ്ക്കുന്നതു കാർഷികരംഗം തന്നെയാണ്. പോളിഷ് ഗവണ്മെന്റിന്റെ ഔദ്യോഗിക കണക്കുകൾ പ്രകാരം 1972ൽ ആകെ ജനസംഖ്യയിൽ നാല്പതു ശതമാനം കാർഷികരംഗത്തല്ലാതെ മറ്റു രംഗങ്ങളിൽ കൈത്തൊഴിൽ ചെയ്യുന്നവരാണ്. ഇവരുടെ മാതാപിതാക്കൾ കർഷകരും. ഈ കർഷകരുടെ എണ്ണമാണ് താരതമ്യേന കൂടുതൽ.

1978ൽ നഗര – ഗ്രാമീണ ജനസംഖ്യാനുപാതം 58 : 42 ആയിരുന്നു. കാർഷികരംഗത്തുനിന്നല്ലാതെ വരുമാനം കണ്ടെത്തുന്നവർ മൊത്തത്തിൽ എഴുപത്തേഴുശതമാനമായിരുന്നു. ഇവരിൽത്തന്നെ ചില ഗ്രൂപ്പുകൾക്കു കാർഷികരംഗവുമായി നേരിയതോതിലെങ്കിലും ബന്ധമുണ്ടുതാനും. തൊഴിൽ

രംഗത്തു്, പോളണ്ടിനെപ്പോലെ പുരോഗതിയിലേയ്ക്കു നീങ്ങുന്ന മറ്റൊരു രാജ്യത്തു്, കാർഷിക രംഗത്തിന്റെ പങ്കു് പോളണ്ടിലേതിനേക്കാൾ കുറവാണു്. ഒരാളെസ്സംബന്ധിച്ചുള്ള മൊത്ത ദേശീയവരുമാനത്തിന് (Gross National Product GNP) ന്റെ കണക്കു കാണിയ്ക്കുന്നതാണു്. എഴുപത്തെട്ടിൽ COMECONലെ യൂറോപ്യൻ രാഷ്ട്രങ്ങളിൽ രണ്ടാം സ്ഥാനമായിരുന്ന പോളണ്ടിനു്, 30 2% സാമ്പത്തിക വളർച്ചയുള്ള പുരോഗതിയിലേയ്ക്കു കുതിയ്ക്കുന്ന രാജ്യമെന്ന നിലയ്ക്കു്. മുമ്പേ പറഞ്ഞ സവിശേഷത, പോളിഷ് കാർഷികരംഗത്തിന്റെ സമ്പദ്ഘടന, ഇതിന്റെ കാരണമായി ചൂണ്ടിക്കാണിയ്ക്കപ്പെടുന്നു.

പൊതു ഉടമയിലേയ്ക്കു് കാർഷികരംഗത്തെ ഇനിയും ഭരണാധികാരികൾക്കു, കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ഭൂരിഭാഗത്തിന്റെ വേരുകളിലേയ്ക്കു് ഒരു ചൂണ്ടുവിരലായി എണ്ണുന്നവരുമുണ്ടു്. ഗുണഗണങ്ങളെന്തോ ആവട്ടെ, പോളിഷ് കർഷകർ ഇത്തരമൊരേർപ്പാടിനെ നഖശിഖാന്തം എതിർക്കുന്നവെന്നുള്ളതാണു് സത്യം. നിർബ്ബന്ധബുദ്ധ്യാ നടപ്പാക്കാനായിരുന്ന ശ്രമമെങ്കിൽ, അതിന്റെ പ്രത്യാഘാതങ്ങൾ ഒരു പക്ഷെ പ്രശ്നശൃംഖലകൾക്കു വഴിവയ്ക്കാനാണു സാദ്ധ്യത. ഇത്തരമൊരവസ്ഥയിൽ ഉല്പാദനം വളരെയേറെ കുറയുന്നു, കാരണം, കാർഷികരംഗത്തു് ആധുനികവൽക്കരണം സാദ്ധ്യമല്ലല്ലോ. എഴുപതുകളിൽ പക്ഷെ, ഗവണ്മെന്റു് ചെറിയ തോതിലെങ്കിലും ഒരു ശ്രമം നടത്തി, കാർഷികരംഗം സാമൂഹ്യവൽക്കരിയ്ക്കാൻ. ഫലം ആഹ്ലാദകരമായിരുന്നു: 14% ആയിരുന്ന 1970ൽ കാർഷികരംഗത്തിന്റെ പങ്കു് ഉല്പാദനത്തിലെങ്കിൽ '78ൽ അതു് 22% ആയി മാറി. ഇത്തരമൊരു മാറ്റം കുറിച്ചതു് വർദ്ധമാനമായ ചിലവിന്റെ സഹായത്താൽ ഇറക്കുമതിചെയ്യപ്പെട്ട ഉപകരണങ്ങളോടെയാണെന്നതുകൊണ്ടു് മെച്ചപ്പെട്ട സമ്പദ്വ്യവസ്ഥ കെട്ടിപ്പടുക്കാനായില്ല. ഭരണകൂടത്തിനു ചെയ്യാവുന്നതു് മറ്റൊന്നായിരുന്നു: പോളിഷ് ജനതയെ ഉന്നതമായ മൂല്യങ്ങളിലേയ്ക്കുയർത്തി ഉല്പാദനം വർദ്ധിപ്പിയ്ക്കുന്നതിന്റെ ന്യായാന്യായങ്ങൾ അവരെ പറഞ്ഞുമനസ്സിലാക്കുക. ഇതുപക്ഷെ, പോളിഷ് ഭരണകൂടത്തിനു് സാധിച്ചില്ല. ഹംഗേറിയൻ ജനത കഴിഞ്ഞ നാലുവർഷങ്ങളിൽ ഇറച്ചിയുടെ വിലക്കൊണ്ടേയിരിയ്ക്കുന്ന നിരക്കിനു് അനുകൂലമായ നിലപാടെടുത്തു എന്നതു് പോളിഷ് ഭരണകൂടത്തിനൊരു പാഠമായില്ല എന്നതാണു സത്യം. ഒരോ പ്രാവശ്യം സമ്പദ്വ്യവസ്ഥയെക്കരുതി പോളണ്ടിൽ ഇറച്ചിയുടെ വിലനിരക്കു് വർദ്ധിച്ചപ്പോഴും ജനങ്ങൾ ഭരണകൂടത്തിനെതിരേ തിരിയുകയായിരുന്നു എന്നാലോ, ആഹാര്യനിരക്കു് വർദ്ധിച്ചുകൊണ്ടിരുന്നു.

ഗോമുൽക്ക അധികാര കേന്ദ്രത്തിലിരുന്നു് ജനങ്ങളുടെ രോഷം വ്യക്തമായ ഒരു പാഠ്യ പരിശീലനത്തിന്റെ അഭാവത്തിൽ ക്ഷണിച്ചുവരുത്തുകയായിരുന്ന ഇക്കാലമത്രയും. എഴുപതുകളിൽ പണിശാലകൾ നിശ്ചലമാവാൻ തുടങ്ങിയപ്പോൾ അധികാരമേറ്റ പുതിയ നേതൃത്വം ഗോമുൽക്കയുടെ തെറ്റു് ആവർത്തിച്ചു. അവരുടെ തന്നെ ഉന്നമനത്തിനുവേണ്ടി ജനതയെ അല്പമെങ്കിലും വിലവർദ്ധനവു് തൽക്കാലത്തേയ്ക്കു മാത്രം സഹിയ്ക്കാൻ ശീലിപ്പിയ്ക്കുന്നതിനു പകരം, കൂലിവർദ്ധനവു് അവർ തുടങ്ങിവെച്ചു. ആധുനികീകരണ പദ്ധതികൾ നിറുത്തുന്നതിനു പകരം, ഗിറാക്കു് നേതൃത്വം കടംകൊണ്ടു കാശിന്റെ ഊറ്റത്തിൽ അവ അടിച്ചേല്പിയ്ക്കാനാണു ശ്രമിച്ചതു്. ആധുനികീകരണത്തിന്റെ ഔദാര്യത്തിൽ കയറ്റുമതി വർദ്ധിപ്പിച്ചു് വിദേശകടം വീട്ടാമെന്നുള്ള കണക്കുകൂട്ടൽ എത്തിപിടിയ്ക്കാനാവാത്ത ഒരു സ്വപ്നത്തിന്റെ രൂപം പൂണ്ടു നിന്നു കൂലിവർദ്ധന തൊഴിലാളികളെ ഉല്പാദനവർദ്ധനവിലേയ്ക്കുണർത്തും എന്ന പ്രതീക്ഷയും യാഥാർത്ഥ്യത്തിന്റെ നിറം കണ്ടില്ല.

ഭരണകൂടം കൈക്കൊണ്ട ഇത്തരം തെറ്റുകളുടെ ആവർത്തനമാണു് പിൽക്കാലത്തു് അനിവാര്യതയുടെ ചുഴിയിലേയ്ക്കു് പോളണ്ടിനെ എടുത്തെറിഞ്ഞതു്.

പ്രധാനമായും മൂന്നു കാരണങ്ങളാലാണു് പുതിയ നേതൃത്വത്തിന്റെ പുതിയ പദ്ധതികൾ പാളിപ്പോയതു്. പ്രായോഗികപഥത്തെക്കുറിച്ചുള്ള വീണ്ടുവിചാരത്തിന്റെ കമ്മി, വാശ്ചാനം ചെയ്ത ഘടനാപരമായ മാറ്റങ്ങൾ നിർദ്ദോഷനസരണം നടത്താനുള്ള കഴിവില്ലായ്മ, അവസാനമായി, വളർച്ചയുടെ മുറിഞ്ഞുനീങ്ങുന്ന ഘടന അപകടകരമായി നീങ്ങിക്കൊണ്ടേയിരുന്ന വളരെ വേഗം സമ്പദ്വ്യവസ്ഥ അതിന്റെ സന്തുലിതാവസ്ഥയിൽനിന്നും എടുത്തെറിയപ്പെട്ടു. ഭരണകൂടം ഇതിനെ നേരിട്ടതു് ക്ഷേണപദാർത്ഥങ്ങൾ കൂടുതൽ ആവശ്യമായിവരുമ്പോൾ അവയുടെ വിതരണം ഇടയ്ക്കിടെ തടഞ്ഞുകൊണ്ടാണു് (1976ലെ വിലവർദ്ധന ഓർക്കുക). ഇത്തരമൊരു ഘട്ടത്തിൽ, ഭരണകൂടം ജനങ്ങളിൽനിന്നും അനവൽക്കരിയ്ക്കപ്പെട്ടു.

പോളിഷ് കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിലെ ഉൾപ്പോരും തുരെത്തുടരെ വർദ്ധിച്ചുകൊണ്ടിരുന്ന റിബലുകളുടെ സംഖ്യയും മറന്നുകളയുന്നതു് ശരിയാവില്ല. എഴുപതുകളുടെ തുടക്കത്തിൽ ഇവരുടെ സാധാരണ ജനങ്ങളുമായുള്ള ബന്ധം, സർഗ്ഗാത്മക പ്രവർത്തനത്തിലേർപ്പെട്ടുകൊണ്ടിരുന്ന ബുദ്ധിജീവികളുടെ നിലയ്ക്കു്, അവഗണിയ്ക്കത്തക്കതായിരുന്ന എഴുപതുകളുടെ മദ്ധ്യത്തിൽ, നിർഭാഗ്യകരം, അവർ ജനങ്ങളോടു് കൂടുതടുത്തു. KOR എന്ന സംഘടനയുണ്ടാക്കി സ്വന്തം പ്രസിദ്ധീകരണങ്ങളാരംഭിച്ചു അവരെഴുതിയുണ്ടാക്കിയ രേഖകളും വളരെ പ്രധാന്യമർഹിയ്ക്കുന്ന തൊഴിലാളികളുടെ അവകാശരേഖ (Charter of Worker's Rights)) യും ഉൾപ്പെടെ എഴുപതുകളുടെ അവസാനഘട്ടത്തിൽ, പോളണ്ടിൽ മുളപൊട്ടുകയുണ്ടായി. ഒരു ജനതയുടെ സൂക്ഷ്മടിതമായ കോറസ്സായി മാറിയപ്പോൾ KOR സമര പ്രസ്ഥാനങ്ങൾക്കു് ധനസഹ

നൽകി; ഓരോ സമരത്തെയും പറ്റി അവർ തങ്ങളുടെ വിലയിരുത്തലുകളും പ്രസിദ്ധീകരിച്ചു. ആവശ്യങ്ങളും അനുദിനം പിറന്നുകൊണ്ടിരുന്നു. റിബലുകളും, പാർട്ടിയുടെച്ചുമത്താൻ കഴിയാതെ വന്ന റിബലുകളും, സുപ്രധാന തീരുമാനങ്ങളിൽ പങ്കാളികളായി. ഇങ്ങനെയാണ് ജനത പാർട്ടിബോസ്സുകളുടെ ക്കെതിരെ തിരിഞ്ഞതും പോലീസ്, പട്ടാളം തുടങ്ങിയ ഭരണയന്ത്രത്തിന്റെ അവയവങ്ങളെ വെറുക്കാൻ തുടങ്ങിയതും ഈ പശ്ചാത്തലം പുഷ്ടിപ്പെടുത്താണ് സോളിഡാരിറ്റി സാമ്രാജ്യത്വത്തിന്റെ പകിടകളിയ്ക്ക് നിലമൊരുക്കിക്കൊടുത്തത്.

പാളിച്ചകൾ വരുത്തിവച്ച ഈ പോളിഷ് ചിത്രം ഏറെ ഭാരിച്ചമനസ്സോടെ പുറത്തുപോയ ധിഷണാശാലികളും സോളിഡാരിറ്റിയും ചേർന്ന് മാർക്സിസത്തെ തള്ളിപ്പറഞ്ഞു തുടങ്ങിയപ്പോഴാണ്. ചെക്കോസ്ലോവാക്യയും ഹംഗറിയും വിയറ്റ്നാമും ഉയർത്തിയ അതേ പ്രത്യയശാസ്ത്രപരമായ ആക്രമണം, പ്രതിസന്ധി, ഒടുവിൽ പോളണ്ടും ആവർത്തിച്ചു. പ്രായോഗികതലത്തിൽ നേതൃത്വം വരുത്തിവച്ച കൈക്കുറ്റപ്പാടുകൾ മാഗ്നിഫൈ ചെയ്യാനും പ്രത്യയശാസ്ത്രപരമായ തലത്തിൽ അതിനെയെത്തിക്കാനും സാധിച്ച എന്നിടത്താണ് സോളിഡാരിറ്റി ഓർക്കപ്പെടുന്നത്. പാശ്ചാത്യവാർത്താ മാദ്ധ്യമങ്ങൾ അലങ്കാരങ്ങളണിയിച്ച് അണിയറയിലൊരുങ്ങിക്കൊടുക്കുകയും പാരാലിസത്തിന്റെ സൗവർണ്ണക്കുരിശുകൾ പലപ്പോഴായി നാട്ടിയുയർത്തുകയും ചെയ്തു.

0

അടിയന്തരാവസ്ഥാ പ്രഖ്യാപനം നടത്തിക്കൊണ്ട് ജനറൽ ജറുസൽസ്കി പറഞ്ഞു: ..."നമ്മുടെ രാജ്യം ഇന്നൊരഗാധഗർത്തത്തിന്റെ വക്കിലെത്തി നിൽക്കുന്നു" എന്നു. തീർന്നില്ല, "ദേശത്തിനെതിരായ ശക്തികളുടെ ധാർഷ്ട്യം, വിദേശത്തുനിന്നു ലഭിയ്ക്കുന്ന ഭൗതികസഹായങ്ങളുടെ ഊറ്റത്തിൽ, നമ്മുടെ രാഷ്ട്രവ്യവസ്ഥയുടെ ഭരണതത്വങ്ങളെപ്പോലും ആക്രമിയ്ക്കുന്നു", അദ്ദേഹം പറഞ്ഞു ഈ പ്രസ്താവനയിലെ സത്യത്തിന്റെ അംശം പോട്ടെച്ചിഹ്നങ്ങളും കൊണ്ട് തടസ്സപ്പെടുത്തണമെന്നും അശേഷം ആഗ്രഹമില്ല. പക്ഷെ, പോളണ്ടിന്റെ "രാഷ്ട്രവ്യവസ്ഥ" കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കൈയിൽ ഭദ്രമായിരുന്നുവോ? പോളണ്ടിൽ മാർക്സിസം മരിച്ചിട്ടില്ലെന്ന പ്രസ്താവന ഇതിനു രണ്ടുമാസങ്ങൾക്കുമുമ്പ് ഉപപ്രധാനമന്ത്രി റാകോവ്സ്കി നടത്തിയപ്പോഴും അദ്ദേഹം ഒരു സത്യത്തിലൂന്നിയിരുന്നു. ഒരു നൂറ്റാണ്ടായി പോളണ്ടിൽ നിലനിൽക്കുന്ന മാർക്സിസ്റ്റു ചിന്ത നിശ്ചലമായിപ്പോകുമെന്നു പറയുന്നതു അസംബന്ധമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ട ഒരർത്ഥത്തിൽ കടമകളിൽ നിന്നുള്ള ഒഴിഞ്ഞുമാറലായി ഈ പ്രസ്താവന സ്വീകരിയ്ക്കപ്പെടാം. ഒരു ഐഡിയോളജി എന്ന നിലയ്ക്ക് മാർക്സിസം പോളണ്ടിൽ പരാജയമടയുന്നില്ല. ഗോമുൽക്കയിൽ നിന്നിങ്ങോട്ട് അധികാരത്തിൽ വന്നവർ കരുതി പോളണ്ടു് ഒരു സോഷ്യലിസ്റ്റു രാഷ്ട്രം തന്നെയാണു്. അതിനാൽ അവിടെ ഇനിയും വർഗ്ഗവൈരുദ്ധ്യങ്ങളില്ല എന്നു്. അറുപതുകളിൽ ചൈനയിൽ നടന്ന സാംസ്കാരിക വിപ്ലവം ഓർമ്മയിലെത്തുന്നു. മാവോ നേതൃത്വത്തിൽ വരാവുന്ന പിഴവുകളും നികത്താൻ ഉദ്ദ്യേശിച്ച തന്ത്രമെന്ന നിലയ്ക്ക് അതിന്റെ പ്രാധാന്യം വിസ്മരിച്ചുകൂടാ. അദ്ദേഹം കണ്ടെത്തി, ഒരു സോഷ്യലിസ്റ്റു രാഷ്ട്രത്തിൽ മുമ്പുണ്ടായിരുന്ന മുതലാളിത്തത്തിന്റെ അംശങ്ങളൊപ്പാടെ നശിയ്ക്കുന്നുണ്ടെന്നില്ല. സമം ലഭിയ്ക്കുമ്പോൾ ഉപരിഘടനയിൽ മുതലാളിത്തം പയ്യെ തലപൊക്കിയെന്നു വരാം. രാഷ്ട്രീയവും മാനസികവും സാംസ്കാരികവുമായ എല്ലാ അംശങ്ങളും ചേർന്നതാണ് ഈ ഉപരിഘടന. ഒരു സമൂഹത്തിനേറെന്നപോലെ ഒരു വ്യക്തിയുടെ മാനസിക നിലയിലും പരിവർത്തനമുണ്ടാക്കുക എന്നതാണ് യഥാർത്ഥത്തിൽ സാംസ്കാരിക വിപ്ലവം ലാക്കാക്കുന്നതു്. ഫ്രോയിഡിയൻ മനഃശാസ്ത്രത്തിൽ നിന്നുകൂടി ആശയങ്ങൾ കടമെടുത്തുകൊണ്ടാണ് കേവല സാംസ്കാരിക വാദികളും ഇതിനെപ്പറ്റി പറഞ്ഞു വന്നതു്. ഇവ രണ്ടും ഒന്നിച്ചുചേർന്ന് ഒരു സമഗ്രമോചനം കാംക്ഷിച്ചിരുന്ന മാർക്സിന്റെ ദർശനത്തിനു് സാംസ്കാരിക വിപ്ലവം എതിരല്ല താനും. അതായതു് ഒരു സോഷ്യലിസ്റ്റ് സമൂഹത്തിലും വർഗ്ഗസമരം തുടരണം എന്നു ചുരുക്കം. അതില്ലാതെപോയി എന്നതുകൊണ്ടാണ് ഒരു നവീന ഇടതുപക്ഷം രൂപം കൊള്ളുന്നതും പാർട്ടിയിൽത്തന്നെ മുതലാളിത്തപാതയിലേയ്ക്ക് തിരിച്ചു പോകുന്നതും. സോഷ്യലിസ്റ്റ് രാഷ്ട്രമായിപ്പോയി എന്നു കരുതി "ഇനി ഇവിടെ വർഗ്ഗവൈരുദ്ധ്യമില്ല" എന്നു ചിന്തിച്ചതാണ് ഒരുപക്ഷെ പോളണ്ടിൽ ഭരണാധികാരികൾക്കു സംഭവിച്ച പാളിച്ച, പ്രായോഗിക പ്രത്യയശാസ്ത്രതലത്തിൽ. ഒരു ഐഡിയോളജി എന്ന നിലയ്ക്ക് മാർക്സിസം നശിയ്ക്കുന്നില്ലെങ്കിലും, ആ ആശയത്തിനു് പ്രസക്തിയുണ്ടാവുന്നതു് അതു പ്രായോഗികതലത്തിൽ പരീക്ഷിയ്ക്കപ്പെടുമ്പോഴാണ്; വിജയിയ്ക്കുമ്പോഴാണ്. അങ്ങനെയിരിയ്ക്കേ, പോളണ്ടിൽ പ്രായോഗികതലത്തിലുണ്ടായ പരാജയത്തെ വിലയിരുത്തുമ്പോൾ, ഭരണകൂടം പ്രത്യയശാസ്ത്രത്തിന്റെ കാമ്പു് കാണാതെപോയി അല്ലെങ്കിൽ ആദർശത്തിന്റെ വിശ്വാസ്യത കളഞ്ഞു കുളിച്ചു എന്ന പറയേണ്ടിവരും. ഇതെല്ലാമംഗീകരിച്ചുകൊണ്ടു് പോളിഷ് ഭരണകൂടം ഒരു കമ്പസാരപീഠത്തിൽ ഇരുന്നതരും എന്നൊന്നും നാമാരും കരുതുന്നില്ല. ഈ ചിന്ത ഇവിടെ അവസാനിപ്പിയ്ക്കുന്നതു് മറ്റൊന്നും കൊണ്ടല്ല, ചരിത്രം ആവർത്തിയ്ക്കുന്നു എന്ന വിശ്വാസപ്രമാണത്തിനു് നാമെതിരായതുകൊണ്ടാണു്.

Work is man's great function.
He is nothing, he can do nothing, he can achieve nothing, fulfil nothing, without working. If you are poor, work. If you are rich, continue working.
If you are burdened with seemingly unfair responsibilities, work. If you are happy, keep right on working.

Idleness gives room for doubts and fears.
If disappointments come, work. If your health is threatened, work. When faith falters, work.
when dreams are shattered and hope seems dead, work

Work as if your life were in peril. It really is.
No matter what ails you, work. Work faithfully, work with faith. Work is the greatest remedy available for both mental and physical afflictions.

James M. Cowan

Visit

CHAKOLAS

BROADWAY & M. G. ROAD

ERNAKULAM

the release

Vinodini Final D C Zoology



Lengthening shadows
brought no tears.
Threatening gallows
struck no fear.
No cares for the past
and the world beyond.
Embittered,
but patient,
the convict waited on.
When,
The death knell tolled!
And,
Came his turn;
Blinded,
by a mask of death,
dark and dreary.
The death mill was at work again
grinding slowly,
just another grain!
The eerie silence was broken
by a creak.
A wild splash of colours,
Blackness—
The mill came to a slow halt
in temporary relief.
The grain reduced to dust,
The permanent release.

oo



ജോർജ് പിട്ടാപ്പിള്ളി
ലക്ചറർ, ഊർജ്ജതന്ത്രവിഭാഗം

സ്വഭാവ പഠനത്തിൽ പുരോഗതിയുടെ പുതുമുദ്രകൾ

മുഖം നോക്കി സ്വഭാവം നിർണ്ണയിക്കാൻ സാധിക്കുമെന്നാണ് മനഃശാസ്ത്രജ്ഞന്മാർ പറയുന്നത്. മുഖം മാത്രമല്ല തലയും, ചെവിയും, കണ്ണും, മൂക്കും, ചുണ്ടും എല്ലാം ഒരാളുടെ സ്വഭാവത്തെ വിളിച്ചറിയിക്കുന്നവയാണ്. ഇരിപ്പിലും, നടപ്പിലും, കിടപ്പിലും, ഉടുപ്പിലുമെല്ലാം സ്വഭാവത്തിന്റെ പ്രത്യേകതകൾ നിഴലിക്കും. ഉപയോഗിക്കുന്ന ഓരോ വാക്കും, എഴുതുന്ന ഓരോ ലിപിയും മനുഷ്യവ്യക്തിത്വത്തിന്റെ പ്രത്യേകതകളിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ഒരുവൻ പറയുന്ന ഒരു വാക്കിനെ മാത്രം പൂർണ്ണമായി അപഗ്രഥിക്കാൻ സാധിച്ചാൽ അവന്റെ ജീവചരിത്രം എഴുതാൻ സാധിക്കുമെന്നു ചില മനഃശാസ്ത്രജ്ഞന്മാർ പറയുന്നതു് ഈ കാരണം കൊണ്ടാണു്.

കയ്യക്ഷരം നോക്കി സ്വഭാവം നിർണ്ണയിക്കുന്നതിനു് ഗ്രാഫോളജി എന്നപേരിൽ ഒരു വലിയ ശാസ്ത്രശാഖതന്നെ വളർന്നുവന്നിട്ടുണ്ടു്. എഴുതുന്ന ലിപിയുടെ വലുപ്പവ്യത്യാസം നോക്കി സ്വഭാവത്തെക്കുറിച്ചു് ചിലതെല്ലാം പറയാൻ കഴിയും. വലുതായി എഴുതുന്നവർ ജീവിതത്തിൽ വലിയ കാര്യങ്ങൾ ആഗ്രഹിക്കുന്നവരാണു്. വലിയ പേന, കട്ടിയുള്ള പുസ്തകം, നീളമുള്ള ഷർട്ടു് ഇതൊക്കെയാണവർക്കിഷ്ടം. വളരെ ചെറുതായി എഴുതുന്നയാൾ ഉള്ളിലേയ്ക്കു് ഒതുങ്ങികഴിയാനാഗ്രഹിക്കുന്നവനാണു്. ''ഞാനും, എന്റെ കുടുംബവും'' അതു മാത്രമായിരിക്കും അയാളുടെ ചിന്ത.

തലനോക്കിയും കലം നിർണ്ണയിക്കാമെന്നാണു് ഫ്രെനോളജി ശാസ്ത്രവിഭാഗത്തിലെ തലമൂത്ത ശാസ്ത്രജ്ഞന്മാരുടെ വാദം. തലയോട്ടിയുടേയും, തലമുടിയുടേയും മറ്റും പ്രത്യേകതകൾനോക്കി സ്വഭാവനിർണ്ണയം നടത്തുന്ന ശാസ്ത്രമാണു് ഫ്രെനോളജി ഈ ശാസ്ത്രപ്രകാരം മനസ്സിനു് മുപ്പത്തഞ്ചു പ്രത്യേക സ്വഭാവ ഭാഗങ്ങളുണ്ടു്. ഓരോന്നിനും തലച്ചോറിൽ പ്രത്യേകം, പ്രത്യേകം ആസ്ഥാനങ്ങളുണ്ടു്. തലയോട്ടിയുടെ രൂപവും വളർച്ചയും ഏറക്കുറെ ഈ മുപ്പത്തഞ്ചു് സ്വഭാവഭേദങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. ഈ ശാസ്ത്രം കൂടുകിയതലയുള്ളവനെ സഞ്ചാരപ്രിയനായും, നീണ്ടതലയുള്ളവനെ സന്തോഷപ്രിയനായും ചിത്രീകരിക്കുന്നു.

ഒരാളെ കാണുന്നമാത്രയിൽത്തന്നെ അയാളുടെ സ്വഭാവത്തെക്കുറിച്ചു് നാം ചില നിഗമനങ്ങൾ എടുക്കാറുണ്ടു്. ശരീരത്തിന്റെ വലുപ്പം, നില്ക്കുകയും, ഇരിക്കുകയും ചെയ്യുന്നവിധം, തലമുടിയുടെ നീളം, നിറം, ആംഗ്യങ്ങൾ, ചേഷ്ടകൾ, കണ്ണു്, മൂക്കു്, കാതു്, ചുണ്ടുകൾ, താടിമീശ, താടിയെല്ലു്, കഴുത്തു്, തൊലി ഇവയെല്ലാം സ്വഭാവ നിർണ്ണയത്തിൽ പ്രധാനപ്പെട്ടതു തന്നെ എന്നു കണ്ടല്ലോ. വേഷഭൂഷാധികളുടെ നിറവും, അളവും, രൂപവുമൊക്കെ സ്വഭാവത്തെ ഒറ്റിക്കൊടുക്കുന്നതാണു്. വഴിനീളെ നിരങ്ങുന്ന പാദരക്ഷയും, സമയം കാട്ടുന്ന വാച്ചും, നാസികാരൂഢനായ കണ്ണാടിയും, കടലാസു് പ്രേമിയായ പേനയും അവ ഉപയോഗിക്കുന്ന ആളുടെ സ്വഭാവത്തിനു് സാക്ഷ്യം നൽകുന്നു.

കൈരേഖ നോക്കി കരള കാണുന്ന ശാസ്ത്രമല്ലേ ഹസ്തരേഖാശാസ്ത്രം. ഹസ്തരേഖമാത്രമല്ല ഹസ്തരൂപവും സ്വഭാവത്തിന്റെ ഉള്ളറകളിലേയ്ക്കു് വെളിച്ചം വീശുന്നു. കൂടുകിയ കൈപ്പത്തിയും വിരലുമുള്ളയാൾ ഒതുക്കമുള്ളവനാണു്. കൂർത്തു് നീണ്ട കൈകളുള്ളവൻ കലാകാരനാണു്. വിരലുകളുടെ വലുപ്പവ്യത്യാസം നോക്കി ഇനിയും തരംതിരിവുകളുണ്ടു്. നീണ്ട പെരുവിരൽ ബുദ്ധിമാന്റെ അടയാളമാണു്.

സ്വഭാവ പഠനത്തിനു് വേണ്ടിയുള്ള ശാസ്ത്രജ്ഞന്മാരുടെ പ്രയത്നങ്ങൾ മുന്നേറുകയാണു്. മനുഷ്യൻ ശ്വസിക്കുന്ന രീതി തന്നെ അവന്റെ സ്വഭാവത്തെ പ്രദ്യോതിപ്പിക്കുന്നു എന്നതാണു് ഈ ശാഖയിലെ പുതിയ കണ്ടുപിടുത്തം. ന്യൂയോർക്കു് യൂണിവേഴ്സിറ്റിയിലെ ഒരു കൂട്ടം ശാസ്ത്രജ്ഞന്മാരാണു് ഈ വസ്തുത പുറത്തു് പറയുന്നതു്. ശാസ്ത്രജ്ഞരായ ഷയില എസ്സു് ഹസ്സു് നൂറിയും പതു് പ്രായപൂർത്തിയായ മനുഷ്യരുടെ ശ്വാസോച്ഛ്വാസ രീതി പഠനവിധേയമാക്കി. ശ്വാസോച്ഛ്വാസ രീതി സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നതാണു് എന്നാണു് ഈ പഠനം കാണിക്കുന്നതു്. ഡോ. ഹസ്സിന്റെ തത്വ പ്രകാരം സാവധാനം ശ്വാസോച്ഛ്വാസം ചെയ്യുന്നതു് ഉറച്ചവ്യക്തിത്വത്തിന്റെ ലക്ഷണമാണു്. ബൗദ്ധികവും ശാരീരികവുമായ ആരോഗ്യത്തിന്റെ പ്രകടനമാണതു്. സാവധാനം ശ്വസിക്കുന്നവർ സാധാരണഗതിയിൽ പ്രവർത്തനോന്മുഖരും, ധീരതയുള്ളവരും, ആത്മനിയന്ത്രണവുള്ളവരുമായിരിക്കും വേഗത്തിൽ ശ്വസിക്കുന്നവർ നാണം കുണുങ്ങികളും, ഭീരുക്കളും, സുരക്ഷിത ബോധമില്ലാത്തവരുമാണു് അവർ എല്ലാകാര്യത്തിലും മറ്റുള്ളവരെ ആശ്രയിക്കാനിഷ്ടപ്പെടുന്നു. ആത്മാവബോധം ഇക്കൂട്ടർക്കു് കുറവായിരിക്കും.

സ്വഭാവത്തേയും, ശ്വാസോച്ഛ്വാസ രീതിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഘടകമെന്താണെന്നു് ഡോ. ഹസ്സു് വ്യക്തമാക്കുന്നില്ല തലച്ചോറാണു് ഇടനിലക്കാരനെന്നാണു് കരുതപ്പെടുന്നതു്. ശ്വാസോച്ഛ്വാസ രീതി സ്വഭാവത്തെ നിർണ്ണയിക്കുകയാണോ, സ്വഭാവം ശ്വാസോച്ഛ്വാസ രീതിയെ നിർണ്ണയിക്കുകയാണോ എന്ന ചോദ്യം അവശേഷിക്കുന്നു. സ്വഭാവമാണു് ശ്വാസോച്ഛ്വാസത്തെ നിർണ്ണയിക്കുന്നതു് എന്നാണു് ഡോ. ഹസ്സിന്റെ അഭിപ്രായം. ഏതായാലും പ്രകൃതി ആകൃതിയേയും, ആകൃതി പ്രകൃതിയേയും ഒരുപരിധിവരെ സ്വാധീനിക്കുന്നു. എന്നു് നാമൊക്കെ സമ്മതിക്കും.

നിന്നെ ഞാനറിയുന്നു

നിന്നെ ഞാനറിയുന്നു,
കാറടിക്കുന്നൊരീ പൂമരക്കുന്നിന്റെ ചോട്ടിൽ
നിൻ നെഞ്ചിടിപ്പിന്നു ഞാൻ കേഴപ്പീലി; പൂവന-
ച്ചോലയിലിന്നു നിൻ പുഞ്ചിരി–
പ്പാലാഴിയൊഴുകിയെത്തുന്നീല; ദൂരത്തു-
ദൂരത്തെൻ സ്വപ്നങ്ങളാകാശ–
ക്കോട്ടകം പണിയുന്നീ; ലാതിര-
രാവിൽ കിനാവിന്റെ ചാരത്തു ഞാനിന്നു വ-
ന്നെത്തീല യെങ്കിലുമിന്നു
നിന്നെ ഞാനറിയുന്നു.

നിന്നെ നടുക്കുന്നൊരിടിവെട്ടിലിന്നു നിൻ
നെഞ്ചിടിപ്പയരുന്നതും, മിന്നുന്ന
വെട്ടത്തിലിന്നു നിൻ കണ്ണിമക-
ളിടയുന്നതും, ചാറുമീ മഴയിൽ നിൻ ഗദ്ഗദ–
മെന്നിലെത്തുന്നതു, മാഞ്ഞടിക്കുന്നൊരീ-
കാറ്റിൽ നിൻ നിശ്വാസമയരുന്നതു-
മിന്നു ഞാനറിയുന്നു.

കവിതയായ് നീ വരൂ,– ആദി-
തമസ്സിലുദിച്ചയരുന്ന നാദമായ്,
നാദത്തിലുണരുന്ന താളമായ്,
താളത്തിനുന്മാദലഹരിയായ്, നിന്നിലെൻ
ഗദ്ഗദം മൊട്ടിട്ട വാക്കുകൾ പൂക്കട്ടെ.

○

വിനോദ്. ഒന്നാംവർഷം ബികോം

○

ചിത്രകല

അഞ്ചാമത്—ട്രിനാലെ

ചിന്തയുടേയും ദർശനത്തിന്റേയും പശ്ചാത്തലത്തിൽ ഉരുത്തിരിഞ്ഞ വിവിധ രൂപഭാവങ്ങളുടെ ഒരു സമഞ്ജസമ്മേളനം! നാൽപ്പത്തിയഞ്ചോളം രാജ്യങ്ങളിൽനിന്നും തൊള്ളായിരത്തോളം കലാസൃഷ്ടികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ദില്ലിയിൽ പ്രഗതി മൈതാനിയിൽ അഞ്ചാമത്തെ ട്രിനാലെ അരങ്ങേറുകയുണ്ടായി. മാനുഷികമൂല്യങ്ങൾക്കുമുപരി മനുഷ്യചേതനക്ക് അർത്ഥവത്തായ പ്രസക്തി, സൗന്ദര്യാവബോധത്തിലൂടെ പ്രദാനം ചെയ്യുന്നതിൽ തൽപരരായ വിശ്വപ്രതിഭകളുടെ, വ്യക്തിഗതാനുഭവ സത്തയുടെ ഉജ്ജ്വലപ്രകടനമായിരുന്നു ആ അന്താരാഷ്ട്രീയ പ്രദർശനം. പുരാതനവും ചരിത്രപരവുമായ ക്ലാസിസത്തിന്റെ പാതവിട്ട് മനുഷ്യന്റെ സമകാലിക ചിന്തയുടെ ചുവടുപിടിച്ചുള്ള രചനകളായിരുന്നു ട്രിനാലെയിലുടനീളംമുണ്ടായിരുന്നത്. കൂടുതലായും പ്രകൃതിനിയമങ്ങളുടെ സ്വാധീനത്തിനു പാത്രമാകുന്ന മനുഷ്യനിൽ ഉടലെടുക്കുന്ന തനതായ പ്രതികരണത്തിന്റെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞവ. അത് ചെക്കോസ്ലോവാക്കിയയുടേയും, സൈപ്രസ്സിന്റേയും റഷ്യയുടേയും, ജപ്പാന്റേയും സൃഷ്ടികളിൽ പ്രകടമാണ്. ദർശനതലത്തിനും ചിന്തക്കുമുപരി അനുഭവങ്ങളുടെ തീവ്രതയാണ് ഇതിൽ കൂടിയിരിക്കുന്നതു". മാനുഷികബോധം, പൊതുവായും വ്യക്തിഗതമായും ഉൾക്കൊണ്ട അഞ്ചാം ട്രിനാലെ, ഭാരതീയ കലാതത്ത്വജ്ഞന്മാരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ പരിണാമം വിലയിരുത്തുവാനുള്ള ഒരവസരം കൂടിയാണ്. സമകാലീന ഭാരതീയ കലയുടെ നേട്ടങ്ങളേയും പുരോഗതികളേയും വൈദേശിക സൃഷ്ടികളുമായി ഒരു താരതമ്യ പഠനത്തിലൂടെ പൊതുജനത്തിന് മനസ്സിലാക്കുവാനും ട്രിനാലെ അവസരമൊരുക്കുന്നു എന്നതും മികവുറ്റ കാര്യമാണ്. ○○

"ദി ഫ്ലൈറ്റ്"
ജിറി ആൻഡ്രേൽ
(ചെക്കോസ്ലോവാക്കിയ)

ദേശീയതയ്ക്ക് യുവത നൽകുന്ന പാഠഭേദം

സതീശൻ. വി. ഡി.
ബി എ സോഷ്യോളജി ഒന്നാംവർഷം

ഒരു ദേശത്തിന്റെ ഐക്യവും ദ്രോതയും അതിൽ അന്തർഭവിച്ചിട്ടുള്ള വൈവിധ്യങ്ങളുടെ ഉദ്ഗ്രഥനത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. പ്രസ്തുത വൈവിധ്യങ്ങളെ അപ്പാടെ ഇല്ലായ്മ ചെയ്യുകൊണ്ടല്ല, അവയിൽ ആരോഗ്യകരമായവയെ നിലനിർത്തിക്കൊണ്ടുവേണം, ദേശീയോദ്ഗ്രഥനം എന്ന ലക്ഷ്യം കൈവരിയ്ക്കുവാൻ. ഭാരതത്തെപോലുള്ള ഒരു രാഷ്ട്രത്തിന്റെ ഉദ്ഗ്രഥനം എത്ര സങ്കീർണ്ണമായ ഒരു സമസ്യയാണെന്നതിനു്, അതുൾക്കൊള്ളുന്ന അനന്തവൈചിത്ര്യങ്ങളും സാക്ഷ്യം വഹിക്കുന്നു. വിവിധ സംസ്ഥാനങ്ങളും തമ്മിലുള്ള ബാഹ്യമായ വൈവിധ്യങ്ങൾക്കുപരി, ഓരോ സംസ്ഥാനവും ഉൾക്കൊള്ളുന്ന അത്യന്തസങ്കീർണ്ണങ്ങളായ അഭ്യന്തര വൈവിധ്യങ്ങളും പ്രശ്നത്തിന്റെ ഗുരുതരാവസ്ഥയിലേയ്ക്കാണു് വിരൽ ചൂണ്ടുന്നതു്.

ദേശീയോദ്ഗ്രഥന പ്രവർത്തനങ്ങൾക്കു് ഏറ്റവും സംഘടിതമായ ഒരു അടിസ്ഥാനം കൂടിയേ തീരൂ. ആനിലയ്ക്കു് സമൂഹത്തിലെ നല്ലൊരു ശതമാനം ഉൾക്കൊള്ളുന്ന വിദ്യാർത്ഥിസമൂഹത്തിനു് ഈ വിഷയത്തിലുള്ള പങ്കെന്തു്? വിദ്യാഭ്യാസത്തിൽ നിന്നു് ലഭിക്കുന്ന സമഗ്രമായ ചൈതന്യം ഒരു അഗ്നിശിഖപോലെ അവരുടെ പ്രവൃത്തിപഥങ്ങളെ പ്രകാശമാനമാക്കുകതന്നെ ചെയ്യും. ആ പ്രവൃത്തി പഥങ്ങളും ഏതെല്ലാമെന്നതാണു് നമുക്കു് അന്വേഷിക്കേണ്ടതു്.

വിദ്യാർത്ഥികളുടെ ദേശീയോദ്ഗ്രഥന പ്രവർത്തനങ്ങൾക്കു് അവരവരുടെ ക്ലാസ്സുമുറികളിൽ നിന്നുതന്നെ തുടക്കം കുറിക്കേണ്ടിയിരിക്കുന്നു. മതപരവും, സാമ്പത്തികവും, സാംസ്കാരികവും, ബുദ്ധിപരവും, പ്രത്യയശാസ്ത്രപരവുമായ വൈവിധ്യങ്ങളെ നമ്മുടെ ഓരോ ക്ലാസ്സുമുറിയും പ്രതിനിധാനം ചെയ്യുന്നുണ്ടു്. ഈ വൈവിധ്യങ്ങളുടെ കണ്ണികളെ ഒരു ഏകതാബോധത്തിന്റെ സുവർണ്ണതന്തുവിൽ കോർത്തു് സമന്വയിപ്പിക്കുവാനുള്ള വിശാലവീക്ഷണം അവർ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ക്ലാസ്സുമുറികളിൽനിന്നുടലെടുക്കുന്ന ഈ വിശാലവീക്ഷണം ദേശത്തിന്റെ വിസ്തൃതമായ അതിർവരമ്പുകളോളം വികസിപ്പിക്കുമ്പോഴാണു്, ദേശീയോദ്ഗ്രഥന പ്രക്രിയയെ ത്വരിതപ്പെടുത്തുവാൻ പര്യാപ്തമാകുകതന്നെ ചെയ്യും. വിദ്യാർത്ഥികളാർജ്ജിക്കുന്ന ഐക്യത്തിന്റെ അനുരണനങ്ങളും സാമാന്യ ജനങ്ങളിലേയ്ക്കെത്തിയ്ക്കുവാനും അവരുടെ സംഘടിത യത്നങ്ങൾക്കൊണ്ടു് സാധിക്കാവുന്നതാണു്. അതു് കൂടുതൽ ശ്രമകരമായ ഒരു പ്രക്രിയയാണെന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല.

ഏതു രാഷ്ട്രത്തിന്റെയും രാഷ്ട്രീയ ഐക്യം അതിന്റെ സംസ്കാരികമായ ഐക്യത്തോടു് അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നതു്. പ്രാചീനഭാരതം അതിന്റെ രാഷ്ട്രീയ ഐക്യം സാക്ഷാത്ക്കരിച്ചിരുന്നില്ലെങ്കിലും സാംസ്കാരികൈക്യം അത്യുന്നതകരമാംവണ്ണം നിലനിർത്തിപോന്നിരുന്നതായി കാണാം. രാഷ്ട്രീയമായ ഈ അനൈക്യമായിരുന്നല്ലോ ഭാരതത്തെ ദീർഘകാലം വൈദേശികാധിപത്യത്തിനു് വിധേയമാക്കി തീർത്തതു്. സ്വാതന്ത്ര്യപ്രാപ്തിയോടെരാഷ്ട്രീയ ഐക്യം സ്ഥാപിക്കുവാൻ കഴിഞ്ഞുവെങ്കിലും മറുഭാഗത്തു് നമ്മുടെ സാംസ്കാരിക ഐക്യം ശിഥിലമായിക്കൊണ്ടിരുന്നു. മതേതരത്വം എന്ന നമ്മുടെ പരമപ്രധാനമായ നയത്തിനു് പ്രായോഗിക തലത്തിൽ പ്രസക്തി നഷ്ടപ്പെട്ടുവരികയുമാണു്. ഈ ദുഃസ്ഥിതിയ്ക്കെതിരെ വ്യാപകവും ഫലപ്രവേമായ പ്രചരണ പരിപാടികളും സംഘടിപ്പിക്കുവാൻ വിദ്യാർത്ഥിസമൂഹം മുന്നോട്ടു വരേണ്ടിയിരിക്കുന്നു.

വിദ്യാർത്ഥികളുടെ സംഘടിത പ്രവർത്തനങ്ങൾക്കുള്ള മികച്ച വേദിയായി കലാശാല യൂണിയനുകളെ ഉപയോഗപ്പെടുത്താവുന്നതാണു്. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടു് ദേശീയൈക്യ സംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളും സിംപോസിയങ്ങളും ഇവിടെ പ്രാധാന്യമർഹിക്കുന്നു. വിവിധ സംസ്കാരിക പൈതൃകങ്ങളും ഭാഷാവിശേഷങ്ങളും സമ്മേളിക്കുന്ന അത്തരം വേദികളിൽ ബഹുവർണ്ണാഞ്ചിതമായൊരു ഏകത്വം തുടിച്ചു നിൽക്കുകയെന്നതു് മഹത്തായൊരു കാര്യമാണു്. അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു് ദേശത്തിന്റെ വിവിധ ഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന കലാരൂപങ്ങളുടെ ആവിഷ്കാരം. വൈവിധ്യങ്ങളെ പരസ്പരം ഉൾക്കൊള്ളാനും അതുവഴി സുശക്തമായ ഒരു ഐക്യബോധം കെട്ടിപ്പടുക്കാനും ഈ വേദികൾ പര്യാപ്തമായിത്തീരുമെന്നു് പ്രതീക്ഷിക്കാം.

ദേശീയബോധം തീർച്ചയായും അന്ധമായ ദേശസ്നേഹത്തിലൊതുങ്ങി നിന്നുകൂടാ. വിശ്വമാനവികത എന്ന മഹൽ സങ്കല്പത്തിനു് പ്രതിബന്ധമാകാത്തിടത്തോളമേ ദേശീയ ബോധത്തിനു് പ്രശക്തിയുള്ളൂ. 00

കൂടിക്കാഴ്ച

"വിമർശകന്റെ അന്വേഷണം ദാർശനിക തലത്തിൽ മാത്രമൊതുങ്ങുന്നില്ല"– വി. രാജകൃഷ്ണൻ

പുതിയ വിമർശകർ തങ്ങളുടെ ചിന്തയിലും എഴുത്തിലും പ്രകടമാക്കേണ്ട നിലപാട് വ്യക്തമാക്കിക്കൊണ്ടുള്ള കെ. പി. അപ്പന്റെ "മലയാള വിമർശനത്തിലെ ചേരിതിരിവുകൾ" എന്ന ലേഖനത്തിന്റെ വെളിച്ചത്തിൽ വി. രാജകൃഷ്ണനെ സമീപിച്ചു. അദ്ദേഹത്തിന്റെ പ്രതികരണം ആരായാം എന്നായിരുന്നു ഉദ്ദേശ്യം. തന്റെ വിയോജിപ്പുകൾ, ഖേദങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ...എല്ലാം തുറന്നുപറഞ്ഞുകൊണ്ട് രാജകൃഷ്ണൻ ഞങ്ങളോട് സംസാരിച്ചു. രണ്ടു മണിക്കൂറുകൾ നീണ്ട സൗഹൃദഭാഷണത്തിൽ നിന്നും പ്രസക്തമായ ഭാഗങ്ങൾ:

ചോദ്യം: ചേരിതിരിവുകളെപ്പറ്റി പ്രാഞ്ഞപ്പോൾ അപ്പൻ ചേരിപ്പോരിനെപ്പറ്റിയും പറഞ്ഞിരുന്നല്ലോ. പഴയ ചിലതിനെ തള്ളിക്കൊണ്ട് മാർക്സിയൻ വിമർശനരീതിയ്ക്കെതിരെ പുതിയ വിമർശം തിരിയേണ്ടതുണ്ടെന്ന് അപ്പൻ കരുതിയിരുന്നതായി തോന്നുന്നു ഈ ചേരിപ്പോരിനെപ്പറ്റി..

രാജകൃഷ്ണൻ: നോവൽ ചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന മൂന്നു പ്രധാന ആശയധാരകളുണ്ട്. ഒന്ന് അക്കാദമിക് (യാഥാസ്ഥിതികം-ശരിയായ വാക്കല്ല) വിമർശനത്തെ സംബന്ധിയ്ക്കുന്നതു്, രണ്ട് യാഥാസ്ഥിതിക മാർക്സിയൻ വിമർശനത്തെ സംബന്ധിയ്ക്കുന്നതു് – പിന്നെ, നിയോമാർക്സിയൻ രീതി. മലയാളത്തിൽ ഈ മൂന്നു ധാരകളും പുതിയ വിമർശകർ കണ്ടറിഞ്ഞിട്ടുണ്ട്. ആധുനികതയ്ക്കു നേരെ കണ്ണടച്ചവരും സാഹിത്യത്തിൽ സാമൂഹികാംശം മാത്രം അന്വേഷിയ്ക്കുന്നവരും ഏതെങ്കിലും മൂല്യത്തെ ചൂണ്ടുന്ന പദപ്രയോഗങ്ങളും ആവശ്യത്തിലേറെ എടുത്തോതുന്നവരും ഒക്കെയാണിവർ. ഇന്ത്യൻ ബൂർഷ്വാസിയുടെ ഒറ്റുകാരനാണ് സത്യജിത് റായി എന്നു് സച്ചിദാനന്ദൻ നിഗമനത്തിലെത്തിയപ്പോൾ പ്രയോഗത്തിൽ ഈ പിഴവു് പറ്റിയിട്ടുണ്ടെന്നു് എനിയ്ക്കു തോന്നുന്നു. ഗോവിന്ദപിള്ളയേക്കാൾ ആധുനികതയെ മനസ്സിലാക്കാൻ ശ്രമിച്ചവർ നവമാർക്സിസ്റ്റുകളാണു്. സച്ചിദാനന്ദനെ, രാജീവനെപ്പോലുള്ളവർ .... രാജീവന്റെ മനസ്സിൽ ഹെഗലിന്റെയും മാർക്സിന്റെയുമൊക്കെ ദർശനം ദഹിയ്ക്കാതെ കിടക്കുന്നു.

ചോദ്യം: ഇവിടെ അത്രമാത്രം ശക്തമായ ഒരു മാർക്സിസ്റ്റ് വിമർശന നിര ഉണ്ടെന്നു തോന്നുന്നില്ല. അങ്ങനെയൊന്നുണ്ടാവുന്നതു് വിമർശന ശാഖയ്ക്കു് ആരോഗ്യകരമാവില്ലേ?

രാജകൃഷ്ണൻ: അതെ, പുതിയ വിമർശവും മാർക്സിയൻ രീതിയും തമ്മിലുള്ള...സംഘട്ടനമെന്നല്ല, ഒരു ഡയലറ്റിക്കിൽ നിന്നേ എന്തെങ്കിലുമുണ്ടാവുകയുള്ളൂ ഒരു ശക്തമായ മാർക്സിയൻ വിമർശകരുടെ നിര മലയാളവിമർശത്തിന്റെ മുന്നോട്ടുള്ള പോക്കിനു് നല്ലതാണു്.

ചോദ്യം: പ്രത്യക്ഷത്തിൽ ഒരു ഇടതു വിമർശകനായിരുന്ന മുണ്ടശ്ശേരിയുടെ സംഭാവനകളെപ്പറ്റി, മാരാരെയും അഴിക്കോടിനെയും പോലുള്ളവരെപ്പറ്റി എത്രപറഞ്ഞാലും, നിങ്ങളിൽ പലരും മൗനം പാലിയ്ക്കാറുണ്ടല്ലോ–

രാജകൃഷ്ണൻ: സാധാരണ അർത്ഥത്തിൽ ഒരു മാർക്സിയൻ വിമർശകനല്ല മുണ്ടശ്ശേരി. ഒരു പരിധിവരെ അദ്ദേഹത്തിന്റേതു് സാമൂഹ്യശാസ്ത്രപരമായ വിമർശനമാണു് (Socio-logical Criticism). തായാട്ട ശങ്കരനിൽനിന്നും എത്രയോ സമ്പന്നമായതു്. തകഴി, ദേവ് തുടങ്ങിയവരെഴുതിയ ആ കാലങ്ങളിലായിരുന്ന മുണ്ടശ്ശേരിയുടെ സംഭാവനകൾ ശ്രദ്ധിയ്ക്കപ്പെട്ടതു്. ആ കാലഘട്ടത്തിന്റെ ഊഷ്മാവു് മുണ്ടശ്ശേരി കൃതികളിൽ തങ്ങിനില്പുണ്ടു്. അദ്ദേഹത്തെ മാറ്റി നിർത്തുന്ന ഒരു പ്രത്യേകതയും അതാണു്. "ഒരേ ഒരു കാഴ്ചപ്പാടിൽ മാത്രം ഊന്നിനിൽക്കുന്ന" നിയോ ക്ലാസ്സിസത്തെ അദ്ദേഹം തള്ളിക്കളഞ്ഞു. സാമൂഹികാംശം തിരയുന്ന യാഥാസ്ഥിതിക മാർക്സിസ്റ്റുകൾ ഒരു കാലത്തു് അതിനുവേണ്ടി ചെറുകാടിനെപ്പോലുള്ളവരെ മാത്രം ശ്രദ്ധിച്ചുപോരുകയും ചെയ്തു. അക്കാദമിക് വിമർശകർ ഉദ്ധരണികളും ജി.ശങ്കരക്കുറുപ്പ് കവിയാണോ അല്ലയോ എന്നതുപോലുള്ള തർക്കങ്ങളുമായി സമയം കഴിച്ചു.

ചോദ്യം; അപ്പന്റെ സമീപനരീതിയിൽ നിന്നു് രാജകൃഷ്ണനിലെ പ്രധാന വ്യത്യാസം–

രാജകൃഷ്ണൻ: ആഷാമേനോനും അപ്പനുമൊക്കെ മെറ്റഫിസിക്കൽ തലത്തിൽ നിന്നു് ഒരിയ്ക്കലും വിട്ടൊഴിയാറില്ല. എന്റെ സമീപനം അങ്ങനെയല്ല ഒരു സാഹിത്യ സൃഷ്ടിയിലെ ദാർശനികതലം മാത്രം അന്വേഷിച്ചറിയുന്നവനല്ല വിമർശകൻ. "മരണസർട്ടിഫിക്കറ്റ്"നു് ആ ഒരു തലം മാത്രമല്ല ഉള്ളതു്. അതിലെ സംഭവങ്ങൾക്ക് ഒരു സാമൂഹിക ചുറ്റുപാട് കൂടിയുണ്ടു്. ഉദാഹരണത്തിനു്, ബ്യൂറോക്രസിയുടെ ഇരുണ്ട വലയങ്ങൾ. "ആൾക്കൂട്ട"ത്തിലെ ഇതിവൃത്തം മനഷ്യാവസ്ഥയിൽ മാത്രം കേന്ദ്രീകരിയ്ക്കുന്നതല്ല. നഗരസംസ്കാരത്തിന്റെ സങ്കീർണ്ണതപോലെ ഒരു നൂറുകൂട്ടം പ്രശ്നങ്ങൾ ആ മനഷ്യാവസ്ഥയെ നിയന്ത്രിയ്ക്കുന്നുണ്ടു്. ഇത്തരമൊരു വശം കാഫ്കയിലുമുണ്ടു്. "ഉഷ്ണമേഖല" എന്ന കൃതി ചർച്ചയ്ക്കെടുക്കുമ്പോൾ അതിലെ സാമൂഹ്യതലവും കാണണം. നോവലിസ്റ്റിന്റെ പഴയ ഇടതുപക്ഷ ബന്ധങ്ങൾ ഓർക്കപ്പെടണം അക്കാലത്തു് യുവാക്കളിലുണ്ടായ തീവ്രവാദപ്രസ്ഥാനത്തോടുള്ള ആഭിമുഖ്യവും ചർച്ചയ്ക്കെടുക്കണം. അപ്പൻ ഇവയൊന്നും കാണുന്നില്ല, ശ്രദ്ധിയ്ക്കുന്നില്ല എന്നെനിയ്ക്കു തോന്നുന്നു.

SPORTS



Sports Champions

Sreekumar K. D. Jacob Simon. K.X.

Gen. Captain

Chitra Sukumar Anil Kumar



Conquering Dizzy Heights.....

A mountaineering club started functioning this year in our college. The most outstanding achievement of this club was the conquest of 'Anamudi' the highest peak in South India.

ദാസൂട്ടിയുടെ ശ്വാസോച്ഛ്വാസം വർദ്ധിച്ചു. കൈകളിൽ മാന്ത്രിക ദണ്ഡു്, അംഗവിക്ഷേപം....അവസ്ഥാന്തരങ്ങളിലൂടെ ദാസൂട്ടി വിലോകം അമർത്തി. ബ്രഹ്മാസ്ത്രം ഞൊറിഞ്ഞിരി കൊണ്ടു. ഹോ! തലപെരുക്കുന്നു ബ്രഹ്മാസ്ത്രം! ബ്രഹ്മസൂത്രം...! ദാസൂട്ടി കൈ ചുഴറ്റി, ബ്രഹ്മാസ്ത്രം വായുവിൽ വിക്ഷേപിച്ചു. അതു് ചീറി പാഞ്ഞു. വായു തുരക്കുന്ന ശബ്ദം. നേർവരയിൽ ബ്രഹ്മാസ്ത്രം മൂളുന്നു മുളൽ അതിന്റെ ശ്രുതിയായി. നേർവരയിൽ ഒരു മഴവില്ലു പൊടിഞ്ഞു. അതിന്റെ സപ്ത വർണ്ണങ്ങളും ഇളകി മറിഞ്ഞു. ഏഴും ഏഴായി മുറിഞ്ഞു നീങ്ങി. അല്പ സമയത്തിനു ശേഷം പുനർ ലയനം, വർണ്ണവിന്യാസത്തിൽ ശക്തി ആവിർഭവിച്ചു. ശക്തി പുകപടലം പോലെ വർണ്ണത്തിനൊപ്പം പടർന്നു. അതിന്റെ പഴുതുകളിലൂടെ സൂര്യരശ്മി ഊളിയിടാൻ മടിച്ചു. പിന്നെ പലതും പലതും. ഇതോ ആലീസിന്റെ മായാലോകം? ഞാൻ ദാസൂട്ടിയേ നോക്കി. അദ്ദേഹം നിർവ്വികാരനാണു് പുഞ്ചിരിക്കാൻ പോലും ദാസൂട്ടി മറന്നിരിക്കുന്നു. ഇതൊക്കെ എന്താണെന്നു് ചോദിക്കണമെന്നുണ്ടു്. പക്ഷെ നാവുപൊന്തുന്നില്ല. എന്റെ മനസ്സറിഞ്ഞപോലെ ദാസൂട്ടി എന്നെ നോക്കി പൊട്ടന്നനേ ദാസൂട്ടി ചോദിച്ചു. "ഇതൊക്കെ എന്താണെന്നു്? അല്ലേ ഞാൻ അത്ഭുതപ്പെട്ടില്ല. ദാസൂട്ടി തെല്ലൊന്നിളകി. "ഇപ്പോഴും നിന്റെ നിലനിൽപ്പു് എന്തിനെ ആശ്രയിച്ചാണു്? ദാസൂട്ടി പുരുഷമായി ചിരിച്ചു. ഞാൻ തെല്ലൊന്നിളിഭ്യനായി. ദാസൂട്ടി തുടർന്നു: "നിന്റെ പെരുമാറ്റത്തിൽ അനൗചിത്യമൊന്നും കാണുന്നില്ല. മറ്റാരാണെങ്കിലും ഇതിനപ്പുറം ഒന്നും കാട്ടുകയുമില്ല" പക്ഷെ എന്നിൽ വീണ്ടും ചോദ്യങ്ങൾ നാമ്പിട്ടു. മാത്രനേരത്തിനുശേഷം വളരെ ലാഘവത്തോടെ ദാസൂട്ടി പറഞ്ഞു: "ഇതു് ലോകാവസാനമാണു്!" ഞാൻ തെല്ലൊന്നു ഞെട്ടി. ഇല്ല. ഒരിക്കലും ആവാൻ വഴിയില്ല പക്ഷെ പറഞ്ഞതു് ദാസൂട്ടിയാണു്. ആണെങ്കിൽ തന്നെ അതിനോടകം എന്തെല്ലാം ചെയ്തുതീർക്കുവാനുണ്ടു്. ഞാൻ എന്റെ പരീക്ഷണങ്ങളേക്കുറിച്ചോർത്തു. ഇല്ല ഒരിക്കലുമല്ല. ബ്രിട്ടണും, അമേരിക്കയും, ഇസ്രായേലിനിൽക്കെ ഒരു ലോകം പെട്ടന്നവസാനിക്കുന്നതിലുള്ള അനൗചിത്യത്തേക്കുറിച്ചു് ഞാൻ ബോധവാനായി. എന്തിനേറെ എനിക്കു് ദാസൂട്ടിയോടു് പുച്ഛം തോന്നി ദാസൂട്ടിയെന്ന സിംഹവാലൻ കുരങ്ങിനുടിയിരിക്കുന്നു ഡയോജനിസു്, ഫൂ!

പുറങ്കോട്ട് ദാസൂട്ടിയും ഞാൻ അവശ ചരിത്രകാരനും

അനൂപ് ബി.

ഞാൻ ദാസൂട്ടിയെ ശ്രദ്ധിച്ചു...ദാസൂട്ടി നിർവ്വികാരനാണ്. നേരം കടന്നുപോയിരിക്കുന്നു. എങ്ങിനെയെങ്കിലും ഈ തൊന്തരവിൽനിന്നും രക്ഷപ്പെടണം. പക്ഷെ.....

പൗരൻ എന്നതിലേറെ ഞാനൊരു മനുഷ്യനാണ് ദാസൂട്ടി എന്ന മായ...പെട്ടെന്ന് ദാസൂട്ടി കൈ ഉയർത്തി അതോടൊപ്പം എന്റെ തല യാന്ത്രികമായി നൂറിഎൻപതു ഡിഗ്രിയിൽ തിരിഞ്ഞു. പിന്നിൽ ..കറുത്ത കോട്ട് കറുത്ത കണ്ണട, കൈയ്യിൽ വിശ്വവിജ്ഞാനകോശം. ഒരു ചെറു പുഞ്ചിരിയോടെ നിൽക്കുന്ന ആരത്? പ്രൊഫസർ! അതെ, രക്ഷകൻ! പ്രൊഫസറുടെ നേർക്ക് ഓടിയടുക്കുവാൻ ആ തുപ്പാദങ്ങളിൽ നമസ്കരിക്കുവാൻ എന്റെ മനം തുടിച്ചു. പക്ഷെ ..... "പക്ഷെ പ്രകാശവർഷം" വീണ്ടും ദാസൂട്ടി ഇളിക്കുന്നു. എനിക്ക് അനങ്ങേണ്ടി വന്നില്ല പ്രൊഫസർ ഇങ്ങോട്ടു വന്നു. പ്രൊഫസർ ഒരു നിശ്ചിത അകലത്തിൽ നിന്നുകൊണ്ട്, വിജ്ഞാനകോശത്തിൽ നിന്നും ഒരു വസ്തു എടുത്ത് എന്റെ നേർക്കുനീട്ടി. ഞാൻ സൂക്ഷിച്ചുനോക്കി. ഒരു കോശം. കോശത്തിലെ വലിയ വാക്യൂളുകൾ എന്റെ കണ്ണിൽപ്പെട്ടു. എന്നിൽ ഒരു സംഭ്രമം പൊട്ടി പടർന്നു. പ്രൊഫസർ എന്നെ മാടിവിളിക്കുന്നു. ഇല്ല! ഇതൊരു പരീക്ഷണമാണ്. ഇരുവരും ചേർന്ന് ഒത്തുകളിക്കുന്നു. പ്രൊഫസർക്കും ദാസൂട്ടിക്കും മദ്ധ്യത്തിൽ നിന്നും ഞാൻ ഓടുവാൻ തുടങ്ങി. അല്ല. ഓടുകയല്ല. ഒഴുകുകയാണ്. വായു എന്നൊന്നില്ല. ഞാൻ ഭൂമിയിൽ നിന്നും ഏഴെട്ടടി ഉയരത്തിലാണ്. എന്ത്! ഭൂമിയുടെ ആകർഷണശക്തി നശിച്ചിരിക്കുന്നുവോ? ദാസൂട്ടി പറഞ്ഞ കാര്യം എന്റെ ഓർമ്മയിൽവന്നു. ഞാൻ മുകളിലേക്ക് ഒഴുകുവാൻ ശ്രമിച്ചു. നിഷ്പ്രയാസം ഞാൻ ഉയരുകയാണ്. മൈലുകൾ പിന്നിട്ടു. ഭൂമിയിൽ നിന്നും ദാസൂട്ടിയുടെ ചിരി ഉയർന്നുകേൾക്കാം. ഞാൻ എല്ലാം മറന്ന് ഒഴുകുകയാണ്. ഏറെ നേരത്തിനുശേഷം ഞാൻ മേഘങ്ങൾക്കിടയിലായി ഞാൻ ഇരുന്നു. അരികിൽ ഒരു പതാകയുടെ അവശിഷ്ടം കാണാം. അതിൽ ഏറെ ചെറിയ നക്ഷത്രങ്ങളും. ഒരു ഞെട്ടലോടെ ആ സത്യം ഞാൻ ഗ്രഹിച്ചു. ഞാൻ താഴേക്കുനോക്കി. ഒരമീബ! ഗോളാകൃതി നഷ്ടപ്പെട്ട ഭൂമി. ദാസൂട്ടിയുടെ ചിരികേൾക്കുന്നുണ്ടോ? പിന്നിൽ ഒരനക്കം. ഒരുനിഴൽ. ആരത് പ്രൊഫസർ വിജ്ഞാനകോശത്തിൽനിന്നും മറ്റൊരുവസ്തു എന്റെ നേരേ നീട്ടി ഒരു പെൻഡുലം പെൻഡുലം ആട്ടികൊണ്ട് പ്രൊഫസർ നിൽക്കുന്നു. ഞാൻ വീണ്ടും കുതിച്ചു. വേഗത്തിൽ ഒരു സ്പീഡ്ബോട്ടുപോലെ....തിരിഞ്ഞുനോക്കി പ്രൊഫസർ പിൻതുടരുന്നു. എന്റെ പരിഭ്രമത്തിൽ പ്രൊഫസർക്ക് തമാശ ഞാൻ കിതക്കുന്നുണ്ടായിരുന്നു. അൽപനേരം കഴിഞ്ഞപ്പോഴേ അതാ മുന്നിൽ പ്രൊഫസർ! ഒരു മാഗ്നെറോചീറർ വച്ചുനീട്ടുന്നു. ഞാൻ നേരേ ഭൂമിയിലേക്ക് തിരിച്ചു താഴെ ദാസൂട്ടി ഒരു പൊട്ടപോലെ കാണുന്നു. ദാസൂട്ടി ചിരിക്കുന്നുണ്ടാവും.

—സംഹാരയജ്ഞം – ദാസൂട്ടി മൂന്നാം കണ്ണ് തുറന്നു. അതിൽനിന്നും ഒരു വിദ്യുൽപ്രവാഹം എന്റെ നേർക്കൊഴുകി. എന്റെ ശിരസ്സിനു ചുറ്റും വലംവച്ചശേഷം എന്റെ ചുണ്ടുകൾക്കിടയിലൂടെ ഉമിനീരിനൊപ്പം ഉള്ളിലെത്തി. എന്റെ ചുറ്റും അനേകം ദാസൂട്ടികൾ നൃത്തം വയ്ക്കുന്നു. അനേകം ദാസൂട്ടികൾ ചിരിക്കുന്നു. എന്റെ ചെവിട് തകരുന്നു. ഞാൻ കണ്ണടച്ചു. മനസ്സു കേന്ദ്രീകരിച്ചു. ഒരു മറുമരുന്നിന്റെ ആവശ്യമുണ്ട്. ഒരു ആന്റർനേറ്റിവ്!...പക്ഷെ വെളിപാടുണ്ടായില്ല. ഞാൻ സ്വയം ശപിച്ചു പിന്നിൽ പ്രൊഫസറുടെ ഒച്ചകേട്ടപ്പോഴേ ഞാൻ കണ്ണ് തുറന്നു. ദാസൂട്ടി ചിരി നിർത്തിയിരുന്നു. ഓർമ്മയിൽ നിന്നെന്നപോലെ പ്രൊഫസർ പറയുന്നു. "And live a coward thine own esteem!" ഞാൻ അല്പനേരം ഓർത്തു. പക്ഷെ എന്റെ കൈയ്യിൽ ആയുധമില്ല. ഉണ്ടെങ്കിൽതന്നെ ഫലമില്ല ദാസൂട്ടി മരിക്കുന്ന പ്രകൃതക്കാരനല്ല എന്നു തോന്നുന്നു. പ്രൊഫസർ വിജ്ഞാനകോശം തുറന്നു അതിൽ നിന്നും ചില വാക്കുകൾ നിലത്തുവീണുടഞ്ഞു. "Does not the cause of conflict become the effect which in its turn becomes the cause?".....

പ്രൊഫസറുടെ വ്യക്തിത്വം പ്രപഞ്ചത്തോളം അനന്തരമാണ്. ആ അനന്തതയിൽ ഞാൻ പ്രതിനിധീകരിക്കുന്നവരും അലിഞ്ഞുചേരുന്നു. പക്ഷെ ആ അനന്തതക്കു സമാനമായി ദാസൂട്ടി ചുരുങ്ങേണ്ടതുണ്ടോ? ചോദ്യം അർത്ഥവത്തായിരുന്നു. ദാസൂട്ടി അലറുവാൻ തുടങ്ങി.

പ്രൊഫസർ മാഗ്നെറോമീറർ വച്ചുകളിക്കുന്നു കിഴക്കുനിന്നും പടിഞ്ഞാട്ട് കാറ്റു വീശി. പ്രൊഫസറുടെ സൂചി തെന്നിമാറി...വടക്കുനിന്നും പടിഞ്ഞാട്ട് സൂചി തിരിഞ്ഞു. ആകർഷണം പടിഞ്ഞാട്ട്...ജീവവായുവിന്റെ കാര്യത്തിൽപോലും സ്വയം പര്യാപ്തത നേടിയിട്ടില്ലാത്ത ഈ ഞാൻ ആ ആകർഷണത്തിൽ സ്വയം മറന്നു. പൊടുന്നനെ ഭൂമി കുലുങ്ങി. എന്റെ ഉടൽ പിളർന്ന് കുടൽ പുറത്തുചാടി. ഒരു വാരിയെല്ല് നഷ്ടപ്പെട്ടിരിക്കുന്നു. നവാഗതയേ ഞാൻ സൂക്ഷിച്ചുനോക്കി.....കൊഴുത്ത അവയവങ്ങൾ ചലിപ്പിച്ചുകൊണ്ട് പച്ചചിരിയുമായി നിൽക്കുന്നു.....ഊർമ്മിള!

പുറങ്കോട്ട് ദാസൂട്ടിയും
ഞാൻ
അവശ ചരിത്രകാരനും

അനൂപ് ബി.

ഇങ്ങനെയും പരീക്ഷണമോ? പരീക്ഷണമോ, വിധിയോ?

ഊർമ്മിള മെല്ലെ മെല്ലെ പദം വച്ചു. അവളുടെ കണ്ണുകൾ ജ്വലിച്ചു. ഒരു ദിവ്യപ്രഭ! അവളുടെ നോട്ടത്തിനു് തീക്ഷ്ണതയേറി. ദാസൂട്ടി അറിയാതെ പ്രയോഗിച്ചിരിക്കുകയാണു്. ഊർമ്മിള മാദക നൃത്തം ചവിട്ടി. ദാസൂട്ടിയുടെ ചിരി അതിനു താളമായി. താളം ഉയരുന്നു നൃത്തം മുറുകുന്നു. ഞാൻ വിയർത്തുകുളിച്ചു. എന്റെ ചുണ്ടുകൾ വിറച്ചു. എവിടെ? എവിടെ പ്രൊഫസർ? പ്രൊഫസർ അവിടെങ്ങുമില്ല. അയ്യോ! എന്റെ കണ്ണുകൾ മഞ്ഞളിച്ചു. നിർണ്ണായകനിമിഷം! ആ കിരാത നൃത്തത്തിന്റെ അന്ത്യത്തിൽ ഞാൻ മോഹാലസ്യപ്പെട്ടു് അന്തരീക്ഷത്തിൽ തങ്ങിക്കിടന്നു.

ഇടതുകൈത്തണ്ടയിൽ സൂചിവീണു. ഞാൻ ഗുരുവിനെ ധ്യാനിച്ചു. ഇനിയും വെളിപാടുണ്ടാകണം. വെളിപാടിനെ ആധാരമാക്കി അഭിനയചികളുടെ വെളിച്ചത്തിൽ കരുനീക്കുക! സൃഷ്ടിയുടെ ആദ്യ രഹസ്യത്തെ ചോദ്യം ചെയ്യുക! സ്ഥിതിചക്രം പ്രൊഫസർ തിരിക്കട്ടെ. പഴുതുകളെ അവഗണിച്ചുകൊണ്ടു് ഞാൻ കൺപോളകൾ മുറുകെ അടച്ചു ... 00

with best compliments

VESSEL PALACE

perumanoor

cochin–15.

with best compliments

ADMIRAL TOUR & TRAVEL BUREAU

Dwaraka Buildings, Cochin–682016

(Approved by IATA, TAAI, UFTAA, Ministry of Tourism, Finance Ministry and Ministry of External Affair

Tel: 35975, 37959 Res: 39883 Telex: 885–463 ATTBIN

BRANCHES

KOTTAYAM, TRIVANDRUM, MADRAS, BOMBAY, BANGALORE

THOMAS VADAKEKUT: MANAGING DIRECTOR

ഇന്നും സൂക്ഷിക്കപ്പെടുന്ന ഭൂതകാലസത്യങ്ങളിലൊന്നാണ് ഇന്ത്യ ഒളിമ്പിക്സിൽ തുടർച്ചയായി ആറുപ്രാവശ്യം ഹോക്കി കിരീടമണിഞ്ഞിട്ടുണ്ട് എന്നതു്. ഫുട്ബോളിൽ, ഇന്ത്യ, പലവുരു ഏഷ്യൻ ജേതാക്കളായി. തീർന്നില്ല, ആയിരത്തി തൊള്ളായിരത്തി അൻപത്താറിൽ മെൽബോൺ ഒളിമ്പിക്സിൽ വിജയപീഠത്തിൽ നാലാമത്തെ സ്ഥാനത്തു് ഇന്ത്യൻ കായികരംഗം ചവുട്ടറപ്പിച്ചു.

ഈ നേരുകൾ, ഒരിക്കലും, നമ്മുടെ കായികരംഗമനുഭവിക്കുന്ന ദുരന്തത്തിന്റെ നീളുന്നപട്ടികയ്ക്ക് അപവാദമായിത്തീരുന്നില്ല. രണ്ടുകോടിയിൽ താഴെ മാത്രം ജനസംഖ്യയുള്ള കിഴക്കൻ ജർമ്മനി അന്താരാഷ്ട്രമത്സരങ്ങളിൽ പ്രശംസ വാരിക്കൂട്ടിയിട്ടുണ്ട്. സോഷ്യലിസ്റ്റ് ക്യൂബയും ടിനിഡാഡും ഇന്നും പുതിയ വിജയഗീതങ്ങൾ പാടി കായികരംഗത്തേക്കുണരുന്നു. നമുക്കെന്തു പറ്റി?

കളിക്കളങ്ങളുടേയും ഉപകരണങ്ങളുടേയും പരിമിതിയാണെന്നുള്ള പറഞ്ഞൊഴിച്ചിൽ ഉന്നതവൃത്തങ്ങളും വളരെക്കാലമായി തുടർന്നുപോരുന്നു. ഏതൊരു കായിക സാംസ്കാരത്തിനേറെയും പ്രാഥമിക ആവശ്യങ്ങളാണ് അവ. മികച്ച കളിക്കാരുടെ അഭാവം, ദൗർഭാഗ്യവശാൽ ഇന്ത്യയ്ക്ക് ഇനിയും നേരിട്ടിട്ടുമില്ല ലോകത്തിലെ ഏതു താരത്തോടും കിടപിടിക്കുവാൻ കഴിയുന്ന കരുത്തരായ യുവാക്കളും ഇവിടെയുണ്ട്. എന്നിട്ടും നാം അന്താരാഷ്ട്രവേദികളിൽ നിന്നും പിന്തള്ളപ്പെടുന്നു. വളർച്ച മുരടിപ്പിയ്ക്കുന്ന, വികാസം ഇരുത്തെടുക്കപ്പെടുന്ന എന്തോ ഒന്നു് ഇവിടത്തെ കളിക്കളം നിയന്ത്രകരുടെ ചേഷ്ടകളിലുണ്ട്.

സ്വാർത്ഥം ജന്മസിദ്ധമായ ഒരുകൂട്ടം വെള്ളാനകളാണ് ഇവിടെ വളരെക്കാലമായി കായികവേദി കൈയടക്കി വച്ചിരിയ്ക്കുന്നതു്. കളിക്കളങ്ങളിലാകെ വ്യാപിച്ചുകിടക്കുന്ന, അന്തസ്സത്ത വലിച്ചൂറ്റിയെടുക്കുന്ന, ഇത്തിക്കണ്ണികളും ഉപദേശകസമിതികളോ സ്പോർട്സ് കൗൺസിലുകളോ ഒക്കെ ഇവർക്കുമുന്നിൽ നിസ്സഹായരായി അവസാനം ഇവരിലൊന്നായിത്തീരുന്നു. ഓരോ പരാജയത്തിനുശേഷവും ഇവിടെ അവലോകനവും തുടർന്നു് രാത്രിയോളം നീളുന്ന വിചാരണയും നടക്കുന്നു. ഒരു ഹ്രസ്വകാല ചികിത്സ, ഈ വൃത്തികേടുകൾക്കു് പരിഹാരമാവുമെന്നാണു് ചിലരുടെയെങ്കിലും വിശ്വാസം.

കൊട്ടിഘോഷിയ്ക്കപ്പെടുന്ന നമ്മുടെ സ്വാതന്ത്ര്യ പ്രാപ്തിയ്ക്കുശേഷം കായികമായ ഒരു പുനരുത്ഥാനത്തിനായി ഇവിടെ അലസിപ്പോയ ശ്രമങ്ങളും പലതുണ്ടായി. അഖിലേന്ത്യാതലത്തിലും ജില്ലാഅടിസ്ഥാനത്തിലും സ്പോർട്സ് കൗൺസിലുകളും സൃഷ്ടിയ്ക്കപ്പെട്ടു; സ്പോർട്സ്വിനിമയ പരിപാടികളും സംഘടിപ്പിയ്ക്കപ്പെട്ട ഇവിടെ എന്നിട്ടും കളിയും കളിക്കാരും വളർന്നില്ല.

ദേശീയ നിലവാരത്തിൽ ഇന്ത്യ, എന്നും, സ്പോർട്സിനു് നല്ല പ്രാധാന്യം ഇതുവരെയും നൽകിയിട്ടില്ല. കായികരംഗത്തെ പ്രതിസന്ധിയ്ക്കു് പ്രധാനകാരണം ഇതിൽ നിന്നും തുടങ്ങുന്നു. തങ്ങളുടെ ശൈശവകാലത്തു് കായികശക്തി പ്രകടമാക്കിയവർ ഇതു മൂലം തീരെ ശ്രദ്ധിയ്ക്കപ്പെടാതെ പോകുന്നു. സ്കൂളുകളിലും കോളേജുകളിലും കായികവിദ്യാഭ്യാസം നിർബ്ബന്ധിതമാക്കിയിട്ടും അവിടങ്ങളിൽ കാര്യമായ പ്രവർത്തനമൊന്നും നടക്കുന്നില്ല വിദ്യാലയജീവിതം അവസാനിയ്ക്കുന്നതോടെ, അങ്ങനെ, കുട്ടികളും കായികരംഗത്തിനോടും വിട പറയുന്നു. കളിക്കളത്തിൽ കാലുനഷ്ടമായവർ, മറ്റു് അംഗവൈകല്യങ്ങളും വന്നവർ... ഒക്കെ പാടെ മറവിയിലേയ്ക്കു തള്ളപ്പെടുന്നു. എന്തിനു്, ചികിത്സിച്ചു മാറ്റാനാവുന്ന വൈകല്യങ്ങളും പോലും അവഗണിയ്ക്കപ്പെടുന്നു. കളിക്കാർക്കു്, ചികിത്സാസൗകര്യങ്ങളും പിടികിട്ടാത്ത എന്തോ ഒന്നായി അപാരതയിലേയ്ക്കു് പുറം തിരിഞ്ഞു നിൽക്കുന്നു. തങ്ങളുടെ വിധി മുൻകൂട്ടിക്കാണാനാവുന്ന കളിക്കളത്തിലെ കുരുത്തക്കേടുകാർ കായികരംഗത്തോടു് നിതാന്തമായി യാത്രപറഞ്ഞു് അങ്ങനെ പിരിഞ്ഞുപോവുന്നു.

വളർച്ച മുരടിപ്പിയ്ക്കുന്ന എന്തോ ചിലതു് ഇന്ത്യൻ കായിക രംഗത്തുണ്ടു്. ഒരുകൂട്ടം വെള്ളാനകൾ ഇവിടെ കായിക വേദി കയ്യടക്കിയിരിയ്ക്കുന്നു.

കായിക രംഗത്തെ ഇത്തിക്കണ്ണികൾ

സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയരംഗങ്ങളിൽ പുഴുക്കുത്തേറ്റ ഇന്ത്യ കായികവിനോദങ്ങളെ മറക്കുന്നതു്, ഒരുപക്ഷെ, ഒരനിവാര്യതയാവാം. ശരീരത്തിന്റെ ആരോഗ്യകരമായ അവസ്ഥ മാനസികാരോഗ്യം തന്നെയാണെന്നും അതു് രാഷ്ട്രത്തിനും ആരോഗ്യകരമാവുമെന്നും മനസ്സിലാക്കുന്ന മനുഷ്യർ തരണതലത്തിൽ നിന്നും തഴയപ്പെട്ട ഒരിടത്തുനിന്നും ഇതൊന്നും പ്രതീക്ഷിയ്ക്കുക സാദ്ധ്യവുമല്ല. 00

APPU VS

T. C. Sivaram
III B. A. Economics

The scenario, now is replete with police brutalities, political clowns in their somersaults and finally the cultural scene being governed by hoodlums from all other fields. If India, the renowned land of principles, shed its glories and forgot its past, there was a man to uphold the bygone values: Mr. Appu, the Director of the IAS Training Institute at Mussourie. What was that which prompted P. S. Appu to submit his resignation? Just the fact that he suffered for his principles. One fine morning the name of Appu hit the head lines when he took stern measures against a probationer Mr. V. K. Singh for behaviour unbefitting even an illiterate dacoit. He was removed unceremoniously and was asked to proceed on leave. In the enquiry that followed, it was revealed that since Mr V. K. Singh knew the right people in the corridors of power, he managed to get away with a crime which is punishable under the Indian Penal Code. Instead, P. S. Appu was punished for no crime of his own other than his zest to live a good man with better principles.

For P. S. Appu, this experience was not new. He had suffered previously under many higher bureaucrats and Chief Ministers. Chief ministership has been a post occupied in India in the past by statesmen like B.C. Roy and today there are people like Mr Abdul Rahiman Autulay to wash off the good name. As C M of Maharashtra, he started Trust (hypocritical reason: for encouraging the deserved and poor in education and arts). Favours of the government were on sale on the basis of the amount of donation to the Trust. Money bags and politicians had a field day. Cement was allocated according to the whims of this C M. While the needy looked up in despair, the rich managed to get allocations in their favour since legislation had been passed so as to enable the C M to do as he pleased with such a neecy commodity. Thus Autulay craved to give his worthy contribution to ameliorate 'good principles' in public life and politics.

Then there was a well-fed man who paid Rs 2 a day or less to exploited labourers on his family farms: Bihar's Cong (I) Chief Minister, Jagannath Mishra

The Bihar state Minimum Wages Act for agricultural labour sets down the absolute minimum wage for farm labourers doing an eight hour day, at Rs 4.50 plus a substantial meal during the working hours. Penalty for any infringement on the Act is also severe-payment of ten times the decreed amount to the labourer. The erring employer's right to appeal too is restricted: he can appeal only to the High court.

Newsmen talked to some 40 such labourers working for the Mishras-Dr. Mishra, his brothers Shyamnarayan, Mrityunjoy, Kamal Narayan, and nephew Vijay (elder brother L. N Mishra' son). None of them were earning more than Rs two for twelve hours of hard labour a day. A callous and unrepentent Jagannath Mishra made a rebuttal: "the statement about inadeqate payment of wages is absolutely baseless and incorrect"-nothing more.

Mr. Mishras double is here in Madhya Pradesh. After the exposure in the media of the Bhagelpur blindings under the shadow of a blind CM Arjun Singh, news journals came out with another story the policemen are torturing young

men into impotence in a small town called Chhatarpur. The police tortured them by hanging them upside down, beating them and then passing electric shocks through their genitals. 13 young men became impotent wrecks. This is the kind of brutality that the worst kind of fascism breeds. The Madhya Pradesh police had a fancy name for this torture: *Laxman Jhula*.

Just like Mishra, Mr. Singh too trotted out uninteligible explanations saying that the tortured ones were criminals. None was eventually punished for it. The policemen are said to be the white corpuscles in a nation's blood stream; they evict the anti-social elements and maintain internal order. But today they've turned out to be mere tools in the hands of the stinky politicians who wield them. In their quest for results and publicity, they stage managed the killing's of 'suspected naxalites' in Tamil Nadu. It was a massacre of the innocents. The question is not whether the action was right or wrong (obviously wrong), but whether the police could he involved in such brutal, inhuman acts: what is wrong? Has the brutalty been ever a by-product of their severe training or rather a combination of circumstances (arising out of this ill-begotten social set-up) making them desperate?

Perhaps the MP's can take these problems to the parliament; but it has been reduced to mere *farce* where the ruling party gets away with cheating even the parliamentary committees. When the parlimentary public sector committee was enquiring into the dealings of the IOC, files regarding a 175 million dollar deal entered into, by the nation, was shielded from it. The IOC had entered into a deal with Kuo oil of Hong Kong for the supply of HS Diesel and Kerosene at terms which were detrimental to the nation. Despite clear technical indications that the price was falling, the government entered in a contract for supply at fixed price leading to a collossal loss of almost 9 - 12 crores. The PPSC, despite repeated requests were not allowed to examine the file. An enterprising journalist like Arun Shourie was there to dig up the skeletons of a conspiracy; heeven printed out the legal points on which true case could be built up. There was none to pick up the threads and bring the guilty to book The Kuo Deal, thus, was buried in the in the bedlam of no - confidence motions and parliamentery gimmicks. So much of parliamentary values were held up in the air: If our parliamentarians, who represent the Indian People, can't check such erroneous expenditure by the government, what about the POOR LAYMAN?

This is the right point, we feel; to take a closer look at the other Appu. This mascot of the Asiad '82 symbolises corruption at higher levels. Even after the Asiad itself, the cost benefit of the preparing orgy, it is expected, will be a matter of controversy. This 'project of waste' is estimated to devour Rs 700 Crores, the offical budget being 58 Crores. The two powerful lobbies in the ruling party will have to make continuous wars to derive their share of cash from this huge amount for a master-minded looting. For a country like India, which is already on the verge of an 'economic disaster,' which gets money from the IMF to meet its day-to day expenses, this costly *tamasha*, perhaps is a legitimate way to progress.

Between these two extremes- one of a solemn zeal to grasp the good principles, rather values and the other being an outright enthusiasm to corruption-symbolised by P S Appu and Asiad Appu respectively, we were crawling all our way to progress down the ages, it has been a continuing process. Our history shows that the countrymen's innate wisdom will eventually shatter the foundations of a corrupted scocial system. While we find the existing state of affairs in the country finally throw the country into doldrums, we can hope because there are, REASONS FOR HOPE. 00

APPU

A note on the decaying social values of India

THE MASCOT FOR IX ASIAN GAMES DELHI-1982

Frank Feather
India Tomorrow In The Global Context

TWENTY years are not far away and a giant country like India cannot escape the responsibility of playing a major role in bringing a new world order. For that she must prove to the world that she can put her house of poverty and deprivation in order for a new stage of evolution. However the world is intricately interdependent. In the future many actions will have to be taken globally. There is a strong consensus that economists in the industrialised nations must re - examine their theories, strategies and tactics in order to provide better management alternatives-not only for their own economies but for the Third World which looks to the West for its lead and direction. We need to implement 85 % of what we profess on tons of paper all over the globe to make a better and less unequal world. Mahbub ul Haq of the World Bank has offered a programme in this regard:

New institutions of world interdependence must be set up.

A system of global management must be accepted for the depletable as well as global resources of this planet.

There should be an international commitment to put a definite floor under absolute poverty before the end of this century;

The developing countries must accept a clear responsibility to restrain their own population growth;

We must try to create a world with relatively open borders, for movement of goods, capital and people;

We must convince each nation that their vast expenditure on defence is buying more insecurity rather than security

To do this requires the emergence of a common global mind and the establishment of new trans-global organisations and institutions. OO

Rajmohan Gandhi

Conversation

"People's power can achieve everything"

The following are extracts from the interview with Mr. Rajmohan Gandhi prepared by the editorial board.

Q: *What exactly can the people of a country achieve through their power?*

Ans: Any thing. The wrong notion that only effective publicity will result in achievement is very widespread. Really, the true exhibitions of people's power in our country have gone mostly unnoticed. Take the case of "chipko movement" in UP in which women hugged the trees and thus prevented felling of trees by very powerful contractors who had "connections". What is needed is determination and dedication.

Q: *Will it be true to say that people's power will have a say in international matters?*

Ans: Definitely. Public memory is not so short to forget the case of the Russian physicist Sakharov and his step-son's newly wed wife. Nobody in the world thought that the Kremlin would yield. But yield it did.

Q: *But what if people commit execsses with their latent power?*

Ans: I think you are referring to the Bhagalpur blindings and the like. The people's power should act as a watch dog and should be prompted by the inner voice.

Q: *Would you please pin point the areas where people's power can play a useful role in India?*

Ans: The cases of the undertrials languishing in the jails of Bihar, in the episodes of the so called encounters of police with dacoits and naxalites in UP and Tamil Nadu, in eliminating scared witnesses and in weeding out corruption...

OO



പാലസ്തീൻ ദുഃഖത്തിന്റെ അരനൂറ്റാണ്ട്

...യാറാക്കിയത്: ഫീച്ചർ യൂണിറ്റ്

ഗൃഹാതുരത്വം എന്ന അനുഭവം കണ്ണീരു വന്നുനിറഞ്ഞ മനസ്സോടെ ഏറ്റുവാങ്ങിയ മനുഷ്യർക്ക് പാലസ്തീൻ അറബികളെക്കുറിച്ചു വിചാരിയ്ക്കാൻ അവകാശമുണ്ട്. ആണ്ടുകളുടെ കുമിഞ്ഞുയരുന്ന അവശിഷ്ടങ്ങളിലേയ്ക്കു നോക്കി വാഴ്വു മുഴുവൻ പോരാട്ടത്തിനായി സമർപ്പിച്ച പാലസ്തീൻ അറബി തനിയ്ക്കു നഷ്ടമായ നാടിനെയോർത്തു് അലോസരപ്പെടുമ്പോഴും ഗൃഹാതുരത്വം അവനെ അലട്ടുകയില്ല. തലമുറകളായി മേൽവിലാസമില്ലാത്ത മനുഷ്യർക്കു് ആ വികാരം അന്യമാവാനേ സാദ്ധ്യതയുള്ളൂ. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിന്നു തുടങ്ങി അവരനുഭവിച്ച അനാഥാവസ്ഥയുടെ ചരിത്രം തിരക്കുന്ന സന്ദർഭത്തിൽ, സ്മരണയിൽ തങ്ങുന്ന സംഭവങ്ങളിലാകെ ചോര പുരണ്ടുകിടക്കുന്നു. നാല്പത്തെട്ടിനു മുമ്പു് പടിഞ്ഞാറൻ അനുകമ്പയോടെയുള്ള സയോണിസ്റ്റു് ഭീകരവാഴ്ചയ്ക്കു് ഇരയായിത്തീർന്നവർ, ആ വർഷം ഇസ്രായേലിന്റെ പിറവിയ്ക്കു ശേഷം, ആ രാജ്യത്തിന്റെ നീളുന്ന കടിഞ്ഞാണുകൾക്കു് പ്രതിരോധത്തിന്റെ ഉത്തരങ്ങൾ നൽകി ചെറുത്തുനില്പിനു് ഒരു പുതിയ രേഖ സൃഷ്ടിയ്ക്കാൻ സന്നദ്ധരായി. ഇസ്രായേലിന്റെ തർക്കശാസ്ത്രം സാമ്രാജ്യത്വത്തിന്റെ ആവനാഴിയിൽ നിന്നായിരുന്നുകൊണ്ടതാണെന്നിരിയ്ക്കേ, ലെബനൺ കേന്ദ്രമാക്കിയ പാലസ്തീൻ വിമോചനസേന തങ്ങൾ വിശ്വാസമർപ്പിച്ച സത്യത്തിനു് കാവൽ നിന്നതിന്റെ പിറകിൽ വൈരുദ്ധ്യം നിറഞ്ഞ ഒരു ചരിത്രമുണ്ടു്. ആ ചരിത്രത്തിന്റെ വേരുകൾ ഏതു മാത്രം പടർന്നുകിടക്കുന്നു എന്നു് അന്വേഷിച്ചറിയാനാണു് ഈ ഫീച്ചർ ഉദ്യമിയ്ക്കുന്നതു്.

o

ലബനൺ എന്ന രാഷ്ട്രത്തിനു വന്നുവീണ ദുരന്തത്തിന്റെ കാരണങ്ങൾ പാലസ്തീന്റെ സന്താനങ്ങളിൽ വച്ചു കെട്ടാനാണു് എക്കാലവും പടിഞ്ഞാറൻ പ്രചാരണം ശ്രമിച്ചിട്ടുള്ളതു്. യഥാർത്ഥത്തിൽ പ്രസ്തുത ദുരന്തത്തിന്റെ വേരുകൾ പ്രാദേശികമായ രാഷ്ട്രീയ-സാമൂഹിക പ്രത്യേകതകളിൽ ചെന്നു നിൽക്കുന്നു. ഈ പ്രത്യേകതകൾ അവയുടെ ഉള്ളുറഞ്ഞു് അയൽക്കാരും വിദേശശക്തികളും തുടക്കം മുതൽ ചൂഷണം ചെയ്യാൻ ഏറെ ശ്രദ്ധിച്ചു. ഇന്നു് ലബനൺ ജീർണ്ണതയിൽ കൂപ്പുകുത്തിക്കിടക്കുന്നുവെങ്കിൽ, അതിനുഹേതു, ഒരു പരിധിവരെ, അതിന്റെ ഭൂമിശാസ്ത്രമല്ലാതിരുന്ന സമ്പദ്വ്യവസ്ഥയാണു്. വ്യാവസായിക കാർഷിക മണ്ഡലങ്ങൾ ഇന്നും, ലബനണിൽ,

ശോചനീയാവസ്ഥയിലാണ്. സമ്പദ്‌വ്യവസ്ഥ ടൂറിസം മാത്രം ആശ്രയിച്ചു കഴിഞ്ഞ ഒരു കാലവുമുണ്ടായിരുന്നു, അവിടെ. തുടരെത്തുടരെയുണ്ടാകാവുന്ന ഇസ്രായേലും പാലസ്തീൻ വിമോചനമുന്നണിയും തമ്മിലുള്ള പോരാട്ടം, ഇസ്രായേലിന്റെ ഇപ്പോഴത്തെ ആക്രമണം – സമ്പദ്‌വ്യവസ്ഥയെ ഉലയ്ക്കുന്ന മറ്റു ചില ഘടകങ്ങളാണ്. ലബനണിലെ പാലസ്തീൻകാരുടെ സാന്നിദ്ധ്യം സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തുന്ന ഒരു ഘടകമായിത്തുടരുന്നു, താൽക്കാലിക പോംവഴികളും അസാദ്ധ്യമാണെന്നതാണും.

ഫ്രഞ്ചുകാർ നാമം നൽകി വാഴിച്ച 1920 മുതൽക്കു തന്നെ, ലബനൺ വർഗ്ഗീയ കഴപ്പുങ്ങൾകൊണ്ടു സമൃദ്ധമാണ്. 120 മൈൽ നീളവും ഏകദേശം 35 മൈൽ വീതിയുമുള്ള ഈ കൊച്ചുദേശത്തു 17 വർഗ്ഗീയ വിഭാഗങ്ങളുണ്ട്. വർഷങ്ങളായുണ്ടാക്കിയ ഒരു ദേശീയ ഒത്തുതീർപ്പ് പരമ്പരാഗതമായ ഈ വർഗ്ഗീയ അശാന്തിയ്ക്ക് പരിഹാരം കണ്ടെത്തുന്നതിൽ പരാജയപ്പെട്ടു. ക്രൈസ്തവരും മുസ്ലീങ്ങളും തമ്മിൽ എക്കാലവും ഏറ്റുമുട്ടൽ തുടർന്നു, അവയ്ക്ക്, ആഭ്യന്തരയുദ്ധത്തിന്റെ ഒരു ഛായ സൃഷ്ടിക്കാനും ഒരു പരിധിവരെ കഴിഞ്ഞു എന്നതാണു സത്യം. ലെബനൺ എന്ന രാഷ്ട്രത്തിന്റെ സൃഷ്ടിതന്നെ ഒരു തെറ്റിദ്ധാരണയിൽനിന്നുമുടലെടുത്തതാണ്. അറുപതുവർഷം മുമ്പ്, ലെബനൺകാരൻ പിറവിയെടുത്തതു തന്നെ ക്രൈസ്തവരും മുസ്ലീങ്ങളും തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മയുടെ പാരമ്യത്തിലെത്തിയിരുന്നു. ലബനൺകാരുടെ ചരിത്രവും ഘടനയും നിർണ്ണയിക്കുന്ന രണ്ടു പ്രത്യേകതകളിവയാണ്: പൂർവ്വദിശയിൽ രാഷ്ട്രത്തെ സംരക്ഷിക്കുന്ന നീണ്ട മലനിരകളും, മദ്ധ്യധരണ്യാഴിയെ അഭിമുഖീകരിക്കുന്ന ഇടുങ്ങിയ തീരദേശവും. പ്രാചീനകാലത്തു ഫിനീഷ്യർ കച്ചവടം ചെയ്തിരുന്ന ബിബ്ലോസ്, ടൈർ, സിഡോൺ എന്നീ തുറമുഖങ്ങൾ തീരപ്രദേശങ്ങളിലാണ്. തുടർന്ന് ഈജിപ്ത്, അസീറിയ, പേർഷ്യ, സെലൂഷ്യ എന്നിവിടങ്ങളിൽ നിന്നും വന്ന കയ്യേറ്റക്കാർ പ്രധാനമായും ചൂഷണത്തിനായി ശ്രദ്ധകേന്ദ്രീകരിച്ചതു വനങ്ങളിലാണ്. ലെബനൺ പല സംസ്കാരങ്ങളുടെയും പിള്ളത്തൊട്ടിലായി-ഗ്രീക്ക്, റോമൻ, ബൈസാന്റൈൻ, ആരബ് വിശ്വാസങ്ങൾ ലെബനണിലേയ്ക്ക് അതിനെ കീഴടക്കിയ ചക്രവർത്തിമാർക്കൊപ്പം വന്നു. ഒമ്പതാം നൂറ്റാണ്ടുവരെ, പ്രധാനമായും ക്രിസ്തുമതത്തിനായിരുന്നു ഏറെത്താമസിയാതെ ഷിയാ, ഡ്രൂസി എന്നീ മുസ്ലീം വിഭാഗങ്ങൾ ക്രിസ്ത്യൻ സങ്കേതങ്ങൾക്കുള്ളിൽ ജനനം കണ്ടു. ഉപരിതലം പ്രശാന്തമായിരുന്നുവെങ്കിലും, അകത്തുനടന്നുകൊണ്ടിരുന്ന രസമില്ലായ്മ ഓട്ടോമാൻ ഭരണകാലത്തു മൂർച്ഛിച്ചു. 1840ൽ ഓട്ടോമാൻ ചക്രവർത്തിമാർ നേരിട്ടധികാരം സ്ഥാപിച്ചു; ഇരുപതുവർഷങ്ങൾക്കു ശേഷം സാഹചര്യങ്ങൾ ഏറെ വഷളായി. ഡ്രൂസ് മുസ്ലീങ്ങളും മാരോണൈറ് ക്രിസ്ത്യാനികളും സ്ഥിരസംഘട്ടനങ്ങളിലേർപ്പെട്ടു തുടങ്ങി. അങ്ങനെയാണ് ലബനണിൽ ഫ്രഞ്ച് ഇടപെടലിനു കളമൊരുങ്ങിയതു.

ഒന്നാം ലോകയുദ്ധത്തിന്റെ അവസാനം, ഓട്ടോമാൻ ചക്രവർത്തിമാരുടെയും അവസാനമായിരുന്നു. പുതിയൊരു കരാറനുസരിച്ച് സിറിയയെ പങ്കുവച്ചു. ഫ്രാൻസിനു സിറിയയും ലബനണും. ബ്രിട്ടനു പാലസ്തീനും വിഭജിച്ചിട്ടില്ലാതിരുന്ന ഇറാക്കും. ബെയ്റൂട്ട്, ട്രിപ്പോളി, ടൈർ, സിഡോൺ, ബെക്കാ തുടങ്ങിയ തീരദേശങ്ങളും ഫ്രാൻസ് ലെബനൺകാരന്റെ കിഴക്കുഭാഗത്തോടു കൂട്ടിച്ചേർത്തു. ഒരു ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള ലബനൺ സൃഷ്ടിക്കുകയായിരുന്നു ഉദ്ദേശ്യം. ഈ പുതിയ ലബനണും അല്പം ദോഷമുണ്ടായിരുന്നു; ഒരിയ്ക്കലും തള്ളിപ്പറത്താക്കാനാവാത്ത വിധം സമ്പന്നമായ സെമി, ഷിയാ മുസ്ലീങ്ങളും ക്രിസ്ത്യൻ ഭരണത്തിനു കീഴിൽ വന്നു എന്നതുതന്നെ അവിടത്തെ ഭൂരിപക്ഷം വരുന്ന

എന്താണു സിയോണിസം?

സിയോൺ എന്ന ഹീബ്രു പദത്തിനു മല എന്നാണർത്ഥം. മതപരമായ പ്രത്യേകതകളാവാം, പിന്നീടു ആ വാക്കിനു ജറുസലേമിലെ മല എന്ന അർത്ഥം കല്പിച്ചതു. കാലം ചെന്നപ്പോൾ യഹൂദന്മാർ പാലസ്തീനിൽ ദേശീയഗൃഹം പണിതുയർത്താൻ ഒരു പ്രസ്ഥാനം തുടങ്ങി. അതിനു സിയോണിസ്റ്റു പ്രസ്ഥാനം എന്നവർ പേരിട്ടു. അവരുടെ സിദ്ധാന്തം സിയോണിസവുമായി. സിയോണിസത്തിന്റെ ആദ്യപ്രവാചകൻ തിയഡോർ ഹെർസൽ ആയിരുന്നു. 1897ലെ ആദ്യത്തെ അന്താരാഷ്ട്ര സിയോണിസ്റ്റു കോൺഗ്രസ്സിനുശേഷം ഹെർസൽ അതിനെക്കുറിച്ചു പറഞ്ഞു: "ഒറ്റവാക്കിൽ, ഞാൻ ഒരു യഹൂദ ദേശമുണ്ടാക്കി"– അമ്പതു വർഷങ്ങൾ കഴിഞ്ഞു ഹെർസലിന്റെ വാക്കുകളും സത്യമാകുന്നതു കണ്ടു. 1948 മെയ് 14നു പാലസ്തീനിൽപെട്ടന്ന ടെൽ അവീവിലെ മ്യൂസിയത്തിൽ നിന്നുകൊണ്ടു ഡേവിഡ് ബെൻഗുറിയൺ ഇസ്രായേൽ എന്ന രാഷ്ട്രത്തിന്റെ ഉദയം പ്രഖ്യാപിച്ചു. അവിടെ അന്നു വസിച്ചിരുന്ന ഭൂരിപക്ഷത്തിന്റെ സമ്മതം തേടാതെയായിരുന്നു, ആ പ്രഖ്യാപനം. സിയോണിസ്റ്റു പ്രസ്ഥാനം ആദ്യമായി ലോകത്തിനു മുമ്പിൽ അവതരിയ്ക്കപ്പെട്ടതു ഒരു ദേശീയ പ്രസ്ഥാനം എന്ന നിലയ്ക്കാണ്. പക്ഷെ, സത്യത്തിൽ, അതൊരു ദേശീയ പ്രസ്ഥാനമായില്ല: അതു പിറവി കൊണ്ടതു അവരാഗ്രഹിച്ച ഒരു രാഷ്ട്രത്തിനു പുറത്തായിരുന്നു എന്നതു തന്നെ കാരണം. പൊതുവായ ഒരു ചരിത്രമോ ഭാഷയോ പ്രസ്ഥാനത്തിനുണ്ടായിരുന്നില്ല. സിയോണിസം നടപ്പിലാക്കാ

ക്രൈസ്തവർ പലപ്പോഴും പിന്തുണയ്ക്കായി ഫ്രാൻസിനെ സമീപിച്ചപ്പോഴും, മുസ്ലീങ്ങളും പുറത്തേയ്ക്ക് തങ്ങളുടെ ആവശ്യങ്ങളും പറഞ്ഞു വിട്ടു. തെക്കുനിന്നും കിഴക്കുനിന്നും അവർ പിന്തുണ ആവശ്യപ്പെട്ടു. സംഘട്ടനങ്ങളും അന്തമില്ലാതെ തുടർന്നു പോന്നു.

ഇതിനു ശേഷമുള്ള രാഷ്ട്രീയഗതിവിഗതികളും നിരീക്ഷിയ്ക്കുമ്പോഴും നമുക്ക് ഒന്നു മനസ്സിലാവുന്നു.1920 മുതൽക്കിങ്ങോട്ട് 1943വരെ ഫ്രഞ്ച് ആധിപത്യത്തിൻ കീഴിൽ ലബനണിൽ വർഗ്ഗീയ പോരാട്ടങ്ങളുണ്ടായിട്ടുണ്ട്. മുസ്ലീങ്ങളും, പ്രത്യേകിച്ചും സുന്നിവിഭാഗം തങ്ങളും പാർക്കുന്ന സ്ഥലങ്ങളും സിറിയയ്ക്കു നൽകാൻ സന്നദ്ധരായി. ക്രിസ്ത്യാനികളും ചെയ്തതു മറിച്ചൊന്നാണ്, അവർ, ഒരു സ്വതന്ത്രലബനണു വേണ്ടി വാദിച്ചു. നാല്പതുകളുടെ ആരംഭത്തിൽ, ഈ രണ്ടു വിഭാഗങ്ങളുടേയും ആവശ്യത്തിനു സാമ്യമുണ്ടായി: ഫ്രാൻസിൽ നിന്നും രണ്ടു വിഭാഗത്തിനും സ്വാതന്ത്ര്യം വേണം. അങ്ങനെ, ഈ സ്വാതന്ത്ര്യാവേശം വർദ്ധിച്ചപ്പോഴും, 1943ൽ ഒരു ദേശീയ കരാറുണ്ടാക്കി. കരാറിൽ പറഞ്ഞതിതുമാണ്. മുസ്ലീങ്ങളും ക്രിസ്ത്യാനികളും അങ്ങോട്ടുമിങ്ങോട്ടും ദ്രോഹമുണ്ടാക്കുന്ന യാതൊന്നും ചെയ്യുകുടാ. ലെബനീസ് ഭരണഘടനയുടെ 95.ാം വകുപ്പ് ഭേദഗതി ചെയ്തു. മന്ത്രിസഭയുണ്ടാക്കുമ്പോഴും, പൊതു നിയമനങ്ങളുണ്ടാവുമ്പോഴും, ഇരു വിഭാഗക്കാർക്കും സമപ്രാതിനിദ്ധ്യമുണ്ടാവും എന്നായിരുന്നു ഭേദഗതി.

1932നു ശേഷം പുതിയ കാനേഷുമാരി കണക്കൊന്നും തന്നെ എടുക്കാൻ പലരും മിനക്കെട്ടില്ല. അതിനു കാരണവുമുണ്ടായിരുന്നു. ക്രൈസ്തവരേക്കാൾ കൂടുതൽ മുസ്ലീങ്ങളുടെ സംഖ്യ വർദ്ധിച്ചിരിക്കുന്നു എന്നു ഭയം. നിലവിലുള്ള കാനേഷുമാരിയിൽ, ക്രിസ്ത്യൻ–മുസ്ലീം അനുപാതമാവട്ടെ, 6:5 എന്നും. ഈ നിലയ്ക്ക് സമപ്രാതിനിദ്ധ്യം ഒരു വെറും പ്രഹസനമായിത്തീർന്നു, പുറത്തുനിന്നുമുള്ള ഇടപെടലുകൾക്ക് ഒരു കാരണവുമായി. സ്വാതന്ത്ര്യത്തിനു ശേഷം ലെബനൺ ദർശിച്ച രാഷ്ട്രീയ പ്രതിസന്ധികളിലെല്ലാം ഇത്തരം ഇടപെടലുകളുണ്ട്. 1958ൽ, വളരെയേറെ നാശങ്ങൾക്കു വഴിവയ്ക്കാൻ സാദ്ധ്യതയുണ്ടായിരുന്ന ഒരു ആഭ്യന്തരസമരത്തിന്റെ വക്കത്തെത്തി ലെബനൺ ഭയപ്പാടോടെ നിന്നപ്പോഴും ഈ ഘടകങ്ങളുണ്ടായിരുന്നു എന്നതാണ് നേരു്. യു. എ. ആറിന്റെ പിറവിയും ലബനണിലെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളും സിറിയയ്ക്കു നൽകണമെന്നതിന്റെ പേരിൽ കെയ്റോയിലും ഡമാസ്കസിലും നടന്ന പ്രചരണങ്ങളും ലെബനണിലെ സുന്നി വിഭാഗങ്ങളിൽ ആവേശമുണർത്തി. നാസ്സർ എന്ന മനുഷ്യനിൽ അവർ എല്ലാ വിശ്വാസവുമർപ്പിച്ചു. അമേരിക്കയിലെ ഐസൻഹോവർ ഭരണകൂടത്തിൽ നിന്നും ലെബനീസ് സർക്കാർ സ്വീകരിച്ച സഹായങ്ങളും സാഹചര്യങ്ങളും കൂടുതൽ ഗുരുതരമാവാൻ ഇന്ധനം പകർന്നു. ലെബനൺ പടിഞ്ഞാറോട്ട് ചായുന്നതു് അവിടത്തെ മുസ്ലീങ്ങളിൽ ആശങ്ക വളർത്തി. ക്രൈസ്തവരാവട്ടെ, പ്രസിഡൻറ് കാമൺന്റെ പുറകിൽ ഉറച്ചു നിന്നു: അല്ലെന്നുവരികിൽ, ലെബനൺ അറേബ്യൻ കൂടാരങ്ങളിലേയ്ക്കു മടങ്ങും എന്നതായിരുന്നു അവരുടെ ശങ്ക. ഇത്തരമൊരു സാഹചര്യത്തിലാണ് മെയ് മാസത്തിൽ ട്രിപ്പോളി, ബെയ്റൂട്ട്, ടൈർ, സിഡോൺ എന്നിവിടങ്ങളിൽ അക്രമം പൊട്ടിപുറപ്പെട്ടതു്. സംഘട്ടനങ്ങൾ ഒരു പുതിയ പ്രസിഡൻറിന്റെ–ജനറൽ ഷിഹാബ് – തിരഞ്ഞെടുപ്പിൽ അവസാനിച്ചു.

0

ഇസ്രായേലിന്റെ പിറവിയും അതിനെത്തുടർന്ന് ഒമ്പതുലക്ഷം പാലസ്തീൻ അഭയാർത്ഥികളെ ഒരുവോരങ്ങളിലേയ്ക്ക് തങ്ങളുടെ ഭാഗധേയം നിർണ്ണയിയ്ക്കാൻ ആട്ടിപ്പായിച്ചതുമെല്ലാം ലെബനനിലെ ഭൂതകാലസംഭ്രമങ്ങൾക്കു പുതിയൊരു മാനം നൽകുകയാണു

കണ്ടെത്തിയ പദ്ധതികളാവട്ടെ, കോളോണിയലിസത്തിലൂടെയായിരുന്നു-പിന്നെ, ബലപ്രയോഗം: ഭൂമികയ്യേറ്റം; ഒന്നുചേർന്നുള്ള കുടിയേറ്റം, യഥാർത്ഥ അവകാശികളുടെ കുടിയൊഴിയ്ക്കൽ. 1903ൽ ഹെർസൽ മരണമടഞ്ഞു; കെയിം വെയ്സ്മാന്റെ നേതൃത്വത്തിൽ പ്രസ്ഥാനം പിന്നീടു് ശക്തിപ്രാപിച്ചു. ബ്രിട്ടൺ തങ്ങളുടെ കാവൽക്കാരനാവണമെന്നും പകരം സൂയസ് കനാൽ തങ്ങളും കാത്തുകൊള്ളാമെന്നും വെയ്സ്മാൻ അഭിപ്രായപ്പെട്ടു. 1917ൽ ബ്രിട്ടന്റെ ബാൽഫർ പ്രഖ്യാപനം വന്നു. വെയ്സ്മാൻ, അസെറോൺ എന്ന രാസപദാർത്ഥം കണ്ടുപിടിച്ചതിന്റെ പേരിൽ അഭിനന്ദിയ്ക്കപ്പെടുന്നതുപോലെയായിരുന്ന ലോയ്ഡ് ജോർജ്ജിന്റെ കോളോണിയലിസത്തിൽ അന്തസ്സുതകണ്ടെത്തിയ ആ പ്രഖ്യാപനം. സത്യത്തിൽ, അതു്, ബ്രിട്ടന്റെ സാമ്രാജ്യതാല്പര്യവും സിയോണിസവും തമ്മിൽ കൂട്ടിക്കുഴച്ചെടുത്ത ഒരു താൽപര്യപ്രകാശനം മാത്രമായിരുന്നു. ആ പ്രഖ്യാപനത്തിൽ ബ്രിട്ടൻ പറഞ്ഞു: പാലസ്തീൻ ജനത പാലസ്തീനിലെ യഹൂദരല്ലാത്ത മതവിഭാഗങ്ങളിലുള്ള ചിലരാണ്! മെനാഹെം ബെഗിൻ രചിച്ച "റിവോൾട്ട്" എന്ന പുസ്തകത്തിൽ ബ്രിട്ടന്റെ കോയ്മനൂറുശതമാനവും സ്വീകരിക്കുന്ന വാക്കുകളുണ്ട്. ബ്രിട്ടന്റെയും സിയോണിസ്റ്റു പ്രസ്ഥാനത്തിന്റെയും ഗൂഢാലോചന അനസ്യൂതം തുടർന്നുപോന്നു. ആ വഞ്ചന മതവിഭാഗീയതയിലും അധിനിവേശപ്രദേശങ്ങളിലും തുടങ്ങി ഇന്നു് സിയോണിസ്റ്റ് ശക്തികളും പാലസ്തീൻ വിമോചന മുന്നണിയും തമ്മിലുള്ള ഏറ്റുമുട്ടലിലെത്തി നിൽക്കുന്നു. ഇന്നു്, ഏതൊരു നാട്ടിലെയും കുസൃതി ബുദ്ധികളും യഥാർത്ഥ ജനതയെ തള്ളിപ്പുറത്തു് സാമ്രാജ്യത്വസ്ഥാപനത്തിനുവേണ്ടി വാദിയ്ക്കുന്ന പ്രവണതയുള്ള ഒരു പേരായി മാറിയിരിയ്ക്കുന്നു, സിയോണിസം.

ചെയ്തു". തിയഡോർ ഹെർസലിന്റെ 1897ലെ പ്രവചനം 1948ൽ ഡേവിഡ് ബെൻ ഗ്വിയണിന്റെ തെൽ അവീവിൽ നിന്നുള്ള പ്രഖ്യാപനത്തോടെ യഥാർത്ഥമായി: സിയോണിസത്തിന്റെ പ്രവചനത്തിന് അമ്പതുവർഷങ്ങൾക്കുശേഷം സത്യത്തിന്റെ മറ ഒരു യഹൂദരാഷ്ട്രം പിറന്നിരിക്കുന്നു.

ഇസ്രായേൽ എന്ന രാഷ്ട്രം സൃഷ്ടിക്കപ്പെട്ടത്, പാലസ്തീൻ ജനതയുടെ സമ്മതിയുടെ അടിസ്ഥാനത്തിലോ, അതിനു മുമ്പും വലയം തീർക്കുന്ന അറബിരാഷ്ട്രങ്ങളുടെ അനുമതിയോടെയോ അല്ല മറിച്ച്, വളരെ ബുദ്ധിപ്പാടോടെ നടന്ന കൊളോണിയലിസത്തിന്റെ ക്രൂരമായ ഒരു സംസ്കരണമായിരുന്നു അത്. അമ്പതുവർഷങ്ങൾക്കുള്ളിൽ, പാലസ്തീന്റെ രാഷ്ട്രീയവും ദേശീയവും മാനുഷികവുമായ ഭൂപടം മാറിമറിച്ച ഒരു സംസ്കാരണം. 1897ൽ ലെബനണിലെ ആകെ ജനസംഖ്യയിൽ 90 ശതമാനം ആളുകളും പാലസ്തീൻ അറബികളായിരുന്നു. ഭൂവിഭാഗത്തിന്റെ 99.5% അവരുടെ കൈകളിലായിരുന്നു. സിയോണിസത്തിന്റെ ആക്രമണങ്ങൾക്ക്, പക്ഷെ, ഒരു സംഘാടകനെ ആവശ്യമായിരുന്നു. ആ ഭൂവിഭാഗത്തിന് പ്രത്യേകതാൽപര്യങ്ങളുള്ള ഒരു രാഷ്ട്രം. ഏതെങ്കിലുമൊരുകാലത്ത് ആ രാഷ്ട്രത്തിന് കിഴക്കുമുഴുവൻ ചുറ്റിപ്പിടിച്ചാനുമാവണം—ബ്രിട്ടൻ പ്രസ്തുത കൃത്യം ഏറ്റെടുത്തു. കാരണം പറയാനുണ്ടായിരുന്നതിതാണ്: യഹൂദന്മാർ, അങ്ങനെ തിരിച്ചുവന്നാൽ മുഹമ്മദ് അലിയുടേയും അങ്ങേരുടെ പിൻഗാമികളുടെയും മാവിയിലെ എല്ലാ നെറികേടുകളെയും തടഞ്ഞു നിർത്തും. കെയിം വെയ്സ്മാനിലൂടെ, മെനാഹെം ബെഗിനിലൂടെ തുടരുന്ന സിയോണിസ്റ്റ് പ്രസ്ഥാനം വർത്തമാനകാല സംഭവങ്ങൾക്ക് നീകരണമുണ്ടാക്കുകയാണെങ്കിൽ അവസ്സ പിമ്പിൽ ഇതുമാത്രം ചരിത്രമുണ്ടായിരുന്ന എന്നു സാരം. 1967ലെ അറബ്—ഇസ്രായേൽ യുദ്ധനേരത്ത് ലെബനൻ അറബികളുമായി കൂട്ടുചേർന്നു. ഗറില്ലാ പ്രവർത്തനങ്ങൾക്ക് ലെബനൺ സഹായമരുളുന്നു വെന്നതിന്റെ പേരിൽ ഇസ്രയേൽ ലബനണു നേരെ തിരിച്ചടിച്ചതു് ഈ ചങ്ങാത്തം വരുത്തിവച്ച അനിഷ്ടം മൂലമായിരുന്നു. ഇസ്രയേലിനെ തകർക്കാൻ 14,000 ആളുകളും മാത്രം വരുന്ന ലെബനൺ ആർമിയ്ക്കു കഴിവുണ്ടായിരുന്നില്ല.

ലെബനൺ അറബികളുമായി കൂട്ടുചേരാൻ അന്നു സന്നദ്ധമായതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് പാലസ്തീൻ വിമോചന മുന്നണിയുടെയും അതിന്റെ കരുത്തരായ പോരാളികളുടേയും ചങ്കൂറ്റമായിരുന്നു. പി എൽ ഒ യുടെ ആദ്യത്തെ പ്രഖ്യാപനം വരുന്നതു് 1964ലാണ്. അടുത്തമെയ് മാസത്തിൽ ആദ്യത്തെ പാലസ്തീനിയൻ നാഷണൽ കോൺഗ്രസ്സ് ജറുസലേമിൽ വച്ചു ചേർന്നു: കൃത്യമായിപ്പറഞ്ഞാൽ ജറുസലേമിൽ മുസ്ലീം ഭൂരിപക്ഷ പ്രദേശത്തു്.

"എനിയ്ക്ക് എന്റെ നാടുവേണം"- അരാഫത്ത്

പാലസ്തീൻ വിമോചന മുന്നണിയുടെ കരുത്തനായ നേതാവ് അരാഫത്ത്, പ്രസിദ്ധനായ ഇസ്രയേൽ ജേണലിസ്റ്റ് യൂറി അവ്നേരിയുമായി ജൂലായ് 3നു് പശ്ചിമബൈയ്റൂട്ടിൽ വച്ചുനടത്തിയ അഭിമുഖ സംഭാഷണത്തിൽ നിന്നു് ചില ഭാഗങ്ങളാണു് ചുവടെ. ആദ്യമായി അരാഫത്ത് ഒരു ഇസ്രയേലി പത്ര പ്രവർത്തകനെ വരവേൽക്കുകയായിരുന്നു അന്നു്. 'ഹാ-ഒലാം ഹാ-സേ' (ഈ ലോകം) എന്ന ആഴ്ചപ്പതിപ്പിന്റെ പ്രസാധകനും പാലസ്തീനുമായി സമാധാനത്തിനുവേണ്ടി വാദിയ്ക്കുന്ന ഷേലി എന്ന സംഘടനയുടെ പ്രവർത്തകനുമാണു് അവ്നേരി. ചരിത്ര പ്രധാനമായ ഈ അഭിമുഖത്തിന്റെ പേരിൽ നെസ്സാറിലെ ഈ മുൻ അംഗം ഇസ്രായേൽ ഗവൺമെന്റു് ചുമത്തിയ രാജ്യദ്രോഹക്കുറ്റത്തെ നേരിടുകയാണിപ്പോഴും. ഈ അഭിമുഖഭാഷണത്തിലുടനീളം തങ്ങളുടെ അനാഥത്വത്തെച്ചൊല്ലി അരാഫത്തിനുള്ള ഖേദം തെളിഞ്ഞുകാണാം. അഭിമുഖത്തിൽ നിന്നു്.

അവ്നേരി: നോക്കൂ, എല്ലാമവസാനിയ്ക്കുമ്പോഴും എനിയ്ക്കു തോന്നുന്നു, ഇവിടെ ഒരു ഇസ്രായേലും ഒരു പാലസ്തീനുമുണ്ടാവണമെന്നു്. തലസ്ഥാനം കിഴക്കൻ യരുശലേമിൽ. രാഷ്ട്രീയ-സാമ്പത്തിക രംഗങ്ങളിൽ ആധാരം കണ്ടെത്തുന്ന ഒരു പൊതുവായ പ്രാദേശിക സംഘടന ഇസ്രായേലിനെയും അറബിരാഷ്ട്രങ്ങളേയും ഒന്നിച്ചുകൊണ്ടുവരാൻ ഉണ്ടായേ പറ്റൂ.

അരാഫത്ത്: അബ്ബാ ഈബൻ ഒരു ബൈനലക്കിനുവേണ്ടി വാദിച്ചു (ബൈനലക്ക് എന്നാൽ, ഇസ്രായേലിന്റെയും പാലസ്തീന്റെയും ജോർഡാന്റെയും ഏകീകരണമാണു്). അതെ.

അവ്നേരി: ഇവിടെ നിന്നും മാന്യമായ ഒരു ചലനം സാധ്യമാണെങ്കിൽ നിങ്ങളും എങ്ങോട്ടു പോവും?

അരാഫത്ത്: പാലസ്തീനിലേയ്ക്ക്.

അവ്നേരി: ഞാനുദ്ദേശിച്ചതു് നാളത്തെ കാര്യമാണു്. ഒരു വർഷം കഴിഞ്ഞിട്ടല്ല.

അരാഫത്ത്: പാലസ്തീനിലേയ്ക്ക് തന്നെ. അതെന്റെ അവകാശമാണു് നിങ്ങളങ്ങോട്ടാണോ?

അവ്നേരി: അതെ, ഇന്നതന്നെ.

അരാഫത്ത്: നിങ്ങൾക്കതിനുള്ള അവകാശമുണ്ടെന്നും എനിയ്ക്ക് തിരിച്ചു വരാനുള്ള അവകാശമില്ലെന്നും ആണോ? എങ്ങോട്ടു പോവും? ഞാനും ഒരു മനുഷ്യനാണു്. എന്റെ

നാട്ടിലേയ്ക്കല്ലാതെ പിന്നെങ്ങോട്ട്"? എനിയ്ക്ക് ഏന്റെ നാട് വേണം.

അവ്നേരി: നിങ്ങളം പാലസ്തീനെന്ന പറയുമ്പോളം അതു കൊണ്ടെന്താണ് ഉദ്ദേശിയ്ക്കുന്നത്"?

അരാഫത്ത്": ഞങ്ങളോ? മുഴവൻ പാലസ്തീൻ. നിങ്ങളംക്കും ഞങ്ങളംക്കുമായി.

അവ്നേരി: നമുക്കൊരുമിച്ചെന്നോ?

അരാഫത്ത്": ഒരുമിച്ച തന്നെ. എന്തുകൊണ്ടായിക്കൂടാ?

അവ്നേരി: നിങ്ങളം പാലസ്തീൻകാർക്കായി ഒരു പ്രത്യേക രാഷ്ട്രം വേണമെന്ന പറയില്ലേ?

അരാഫത്ത്': ഞങ്ങളുടെ പ്രധാന മുദ്രാവാക്യം നിങ്ങളംക്കറിയാം: ഒരു ജനാധിപത്യ മതേതര രാഷ്ട്രം. ഇതൊരു പോം വഴിയല്ലെങ്കിൽ' പിന്നെ രണ്ടു വേറെ രാജ്യങ്ങളം.

അവ്നേരി: പാലസ്തീന്റെ ഏതു ഭാഗമാണ് നിങ്ങളം രാഷ്ട്രമായി സ്വീകരിക്കുക?

അരാഫത്ത്": ഇസ്രായേൽ വിട്ടുപോകുന്ന ഏതു ഭാഗവും; അല്ലെങ്കിൽ സ്വതന്ത്രമാക്കപ്പെടുന്ന ഒരു ഭാഗം. ഏതു ഭാഗവും.

അവ്നേരി: ഇതിനെ സമാധാനമെന്നും, യഥാർത്ഥ സമാധാനമെന്നും വിളിയ്ക്കാമോ?

അരാഫത്ത്': ആവാം സത്യമായും. പാലസ്തീൻകാർക്കല്ല, ഇസ്രയേലികൾക്കാണ് ഇതിനോടെതിർപ്പ്". ഇനിയും 10, 20, 50 വർഷം കഴിയുമ്പോഴും ഇസ്രയേലിനെ പിടിച്ചു നില്ക്കാനാവുമോ? ലെബനണിൽ പാലസ്തീൻകാർവെടിയേറ്റു വീണാലും, മറ്റുഭാഗങ്ങളിൽ അവർ ജീവനോടെയുണ്ടാവും.

അവ്നേരി പിന്നീടു് എഴുതുന്നു: ഇതിനു മുമ്പൊരിയ്ക്കലും പി എൽ ഒ ശാന്തിയ്ക്കായി ഇത്രയേറെ സന്നദ്ധമായിട്ടില്ല. പ്രത്യേകിച്ചും ഒരു ഇസ്രയേലിയോടു സംസാരിയ്ക്കുമ്പോൾ. ഇതൊരവസരമാണ് ഇസ്രയേലിനു". അതു മുതലെടുക്കാൻ, ബെഗിൻ ഒരു ഡീഗാളല്ലല്ലോ. ഷാരോൺന്റെ മനസ്സ് വ്യത്യസ്തമുമാണ് പിരിയുമ്പോൾ, അരാഫത്ത് അവ്നേരിയോടു ചോദിച്ചു: നിങ്ങൾ ഇനി നേരെ വീട്ടിലേയ്ക്കാണോ? അതെ, അവ്നേരി പറഞ്ഞു സങ്കടത്തോടെ അരാഫത്ത് തിരിച്ചു ചോദിച്ചു: എന്തുകൊണ്ട് ഞങ്ങൾക്കും പോയിക്കൂടാ?

മനോഹരൻ ബെഗിൻ

തീരുമാനിച്ചു. ദേശീയതയിലും സാഹോദര്യത്തിലും വിവേകപൂർണ്ണമായ ഒരവബോധത്തിലും കരുത്തു കണ്ടെത്തിയ പി എൽ ഒ ജനങ്ങളുമായി ഒന്നുചേർന്നു. കവികളം, ബുദ്ധിജീവികളം, കലാകാരന്മാർ, പണ്ഡിതന്മാർ, സാംസ്കാരിക സംഘടനകളം-എല്ലാവരും പി എൽ ഒയുമായി സഹകരിയ്ക്കാൻ തയ്യാറായി. ഇത്തരമൊരു സമ്മിശ്ര സംഘടനയായതുകൊണ്ടു തന്നെ മുന്നണിയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടായി. 1969ലെ മുന്നണിയുടെ അഞ്ചാം സമ്മേളനം അതിന്റെ ലക്ഷ്യങ്ങളം ആവർത്തിച്ചു പ്രഖ്യാപിച്ചു; അന്നുമുതൽ പാലസ്തീൻ ജനതയുടെ നിലയ്ക്കാത്ത സ്വാതന്ത്ര്യവാഞ്ഛയുടെ പ്രതീകമായി മുന്നണി അംഗീകരിയ്ക്കപ്പെട്ടു. മുന്നണിയുടെ ഫത്തേ എന്ന പട തങ്ങളുടെ താൽക്കാലിക സങ്കേതങ്ങളിൽ സ്കൂളുകളും ക്ലിനിക്കുകളും പണിപ്പുരകളും ഫാക്ടറികളും സ്ഥാപിച്ചു. പി എൽ ഒയുടെ പ്രവർത്തനങ്ങളെപ്പറ്റി രണ്ടു വാചകങ്ങളം; 1ജോർദ്ദാനിലെ താഴ്വാരത്തു", അമ്മനു് മുപ്പതു കിലോമീറ്റർ പടിഞ്ഞാറു് പാലസ്തീനിയൻ അഭയാർത്ഥികളുടെ അഭിമാനമായിരുന്ന ഒരു കൊച്ചു പട്ടണമുണ്ടു്. അവരുടെ പ്രവർത്തനങ്ങളം കൊണ്ടു് ഭൂമിയുടെ ഒരു ജീർണ്ണബിന്ദുവിൽ നിന്നു് അവർ പുഷ്പ സമാനമായ ഒരു നഗരം അങ്ങനെ തീർത്തു...

1974 ഒക്ടോബറിൽ റാബത്തിൽ വച്ചു നടന്ന അറബ് ഉന്നതതല സമ്മേളനം പാലസ്തീൻ ജനതയുടെ മുഴവനും പ്രതീകമായി പി എൽ ഒ യെ അംഗീകരിച്ചു, ആ വർഷം തന്നെ മുന്നണി ചെയർമാൻ അരാഫത്ത് ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ളിയിലേക്കു് ക്ഷണിയ്ക്കപ്പെട്ടു. പോരാട്ടം വികസിയ്ക്കുന്തോറും ശത്രുവായ ഇസ്രായേൽ ഭീഷണികളുടെ മൂർച്ച കൂട്ടിക്കൊണ്ടേയിരുന്നു. ഇസ്രായേൽ ജയിലുകളം രണകൂടത്തിന്റെ എതിരാളികളെക്കൊണ്ടു് തിങ്ങി നിറഞ്ഞു. 1976ലും' 79ലും സെക്യൂരിറ്റി കൗൺസിൽ പാലസ്തീൻ പ്രശ്നം ചർച്ചയ്ക്കെടുത്തു. വിമോചന മുന്നണിയ്ക്കു് ആഗോള വ്യാപകമായി പിന്തുണ ഏറിവന്നു; ജീവിതത്തിൽ നിന്നും പോലും നാടുകടത്തപ്പെട്ട മൂന്നര മില്ല്യൺ മനുഷ്യരുടെ പീഡാനുഭവങ്ങളം ലോക മനഃസാക്ഷിയിൽ അതർഹിയ്ക്കുന്ന സ്ഥാനം

1. Xavier Baron: The Palestinians

കണ്ടെത്തി. വർണ്ണവിവേചനവും വർഗ്ഗവിവേചനവും കൊളോണിയലിസവും ചൂഷണവുമൊക്കെ ചർച്ചചെയ്യപ്പെടുന്ന എല്ലായിടങ്ങളിലും പാലസ്തീൻ വിമോചന മുന്നണി പ്രത്യേകം ക്ഷണിക്കപ്പെട്ടു തുടങ്ങി.

1979ലെ കണക്കനുസരിച്ച് 115 രാജ്യങ്ങളും പാലസ്തീൻ വിമോചന മുന്നണിയെ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ട്. 82 രാജ്യങ്ങളിൽ മുന്നണിയുടെ പ്രതിനിധികളുമുണ്ട്. ഇസ്രായേലിനു്, ഇപ്പോഴും, നയതന്ത്ര പദവികളുള്ള അമ്പതോളം പ്രതിനിധികളേയുള്ളൂ.

0

ജൂൺ ആറു തുടങ്ങി ഇന്നുവരെ നടന്ന ഇസ്രായേലിന്റെ കടന്നാക്രമണങ്ങൾക്കു് സാമ്രാജ്യത്വം നൽകിയ സംഭാവനകൾ എളുതല്ല. വർത്തമാനപ്പത്രങ്ങളുടെ നീളുന്ന കണക്കുകൾ അമേരിക്കയുടെ പങ്കു് വിളിച്ചോതുന്നവയാണു്. ബെയ്റൂട്ടിലെ പുകപടലങ്ങൾ നീങ്ങി ഒരു താൽക്കാലിക ശാന്തി സംജാതമാവുന്ന നേരത്തുള്ള കണക്കു്, ടൈം വാരികയുടെ പടിഞ്ഞ ബ്ലേക്കു് റിപ്പോർട്ട് ചെയ്തതു ശരിയാണെങ്കിൽ, ഇപ്രകാരമാണു്-ലെബനീസു് വാർത്താവൃത്തങ്ങളിൽ നിന്നു ലഭിച്ചതാണു് ആദ്യം. 10,000 ആളുകൾ മരിച്ചു 15,000ഓളം ആളുകൾക്കു് പരിക്കേറ്റു. അമേരിക്കയുടെ ആഗോളപുരോഗതിയ്ക്കായുള്ള സ്റ്റേറ്റു് ഏജൻസി റിപ്പോർട്ടു്: ആറുലക്ഷത്തോളമാളുകളെ യുദ്ധം "നേരിട്ടു ബാധിച്ചിരിയ്ക്കുന്നു" റെഡ്ക്രോസ്സു് പറയുന്നു, മൂന്നുലക്ഷം അഭയാർത്ഥികൾ മാത്രമേ തെക്കൻ ലെബനണിൽ നിന്നു് അവസാനമായി തങ്ങളുടെ വീടുകൾ അന്വേഷിച്ചു മടങ്ങിയുള്ളൂ. ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറൽ ജാവിയർ പെരെസ് കണക്കാക്കുന്നതു് രാജ്യത്തിലെ ആകെ ജനസംഖ്യയുടെ പകുതിയോളം വരുന്ന 1.5 മില്യൺ ആളുകളെ യുദ്ധം പല അർത്ഥങ്ങളിൽ നശിപ്പിച്ചിട്ടുണ്ടെന്നാണു്. നമുക്കറിയാം, എന്നും സത്യം, കണക്കുകൾപ്പുറം മറ്റേതോ ഒരു തലത്തിലായിരുന്നു. പ്രധാനപ്പെട്ട കാര്യം, നാടും വീടുമില്ലാത്ത ഒരു ജനത പീഡിപ്പിയ്ക്കപ്പെടുന്നു എന്നതുതന്നെയാണു്. മറ്റേ ഗാർട്ടുമായുള്ള ഒരഭിമുഖത്തിൽ യാസർ അരാഫത്തു് പറഞ്ഞു: ഒരഭയാർത്ഥി എന്നു പറഞ്ഞാൽ എന്താണർത്ഥമെന്നെനിയ്ക്കറിയാം. നിങ്ങൾ ഒരു പാലസ്തീൻകാരനോടു ചോദിച്ചുനോക്കൂ. പാലസ്തീൻ ഒഴിച്ചുള്ള മറ്റെല്ലാ ബ്രിട്ടീഷു് കോളനികളും സ്വതന്ത്രമായിരിയ്ക്കുന്നു. ഞങ്ങൾ അവർക്കു കീഴിലായിരുന്നു. ഞങ്ങൾക്കു് സ്വാതന്ത്ര്യം ലഭിച്ചില്ല. പാലസ്തീൻ അഭയാർത്ഥികളുടെ ചരിത്രപരമായ കാഴ്ചപ്പാടു് ഇതാണു്.

അരാഫത്തിന്റെ തന്നെ വാക്കുകൾ കടംകൊണ്ടു പറഞ്ഞാൽ, പാലസ്തീൻ വിമോചന മുന്നണി ഒരമ്പിളിമാമനെ പിടിച്ചുകൊടുക്കാൻ ആരോടും ആവശ്യപ്പെട്ടില്ല: ആവരാവശ്യപ്പെട്ടതു് ആഗോള വ്യാപകമായ അംഗീകാരം മാത്രമാണു്. ഈ ഭൂമുഖത്തു് അവരും ജീവിച്ചിരിപ്പുണ്ടെന്നും അവർക്കു് ജീവിയ്ക്കാനവകാശമുണ്ടെന്നും എതിരാളികൾ അംഗീകരിയ്ക്കുക-ഇന്നു് ഏതാണ്ടു് അഞ്ചലക്ഷത്തോളം പാലസ്തീൻകാർ ലബനണിൽ തമ്പടിച്ചു നില്പാണു്. അവർക്കൊപ്പം ആയിരങ്ങൾ വരുന്ന ഷിയാ-സുന്നി മുസ്ലീങ്ങളുമുണ്ടു്. നിരന്തരമായ ഭീഷണികളോടെയാണു് അവരുടെ നേരം പുലരുന്നതു്. പുതിയ ഭീഷണിയാവട്ടെ, അടുത്തു തന്നെ ഉണ്ടാവുമെന്നു് ചിലരെങ്കിലും കരുതുന്ന വലതുപക്ഷ ഫലാംഗിസ്റ്റു് ഭരണകൂടമാണു്. ഇസ്രായേൽ തങ്ങളുടെ കൊടിക്കൂറ നൽകി സഹായിയ്ക്കുന്ന ഒരു ഭരണകൂടം. ഇനി, ആരാണു് പാലസ്തീൻ ദു:ഖത്തിന്റെ രക്ഷകരായി മാറുക? ഇസ്രായേൽ അധിനിവേശവും ഫലാംഗിസ്റ്റുകളും യൂണിഫിലും (Unifil) അവർക്കു് വേണ്ടി ദയോവാസ്കിന്റെ സാന്ത്വനഗീതങ്ങൾ ഉയർത്തുകയില്ലെന്നു് പൊരുതുന്ന പാലസ്തീനു് നല്ലവണ്ണമറിയാം. ഒരു വിരുദ്ധചരിത്രത്തിന്റെ തണലിൽ സ്വന്തംഭോഗധേയം നഷ്ടമായ പാലസ്തീൻ ഇന്നു പിൻവാങ്ങുമ്പോഴും ഒരു ശ്രുദ്ധേനത്തിന്റെ അണിയറയിലേയ്ക്കാണു അവർ മടങ്ങുന്നതു്. സമാധാനത്തിന്റെ ഒരു കൊച്ചരിപ്രാവു് ചുണ്ടുകളിൽ ഒലീവിലച്ചില്ലയുമായി തങ്ങളുടെ അരികുകളിലേയ്ക്കു വരുന്നതു് സ്വപ്നം കണ്ടുകഴിയുന്ന പാലസ്തീൻ ജനത ആ ലക്ഷ്യം സാക്ഷാത്കരിയ്ക്കുമെന്ന ആത്മാർത്ഥമായ വിശ്വാസത്തോടെയാണു് ഒരു വലിയ സമരത്തിന്റെ ഈ ചെറിയ ചരിത്രരേഖാചിത്രം അവസാനിപ്പിയ്ക്കുന്നതു്. നീതിയ്ക്കു വേണ്ടിയുള്ള സമരങ്ങൾ ഒരിടത്തും ശിഥിലമാവില്ല.

ഒരു പാലസ്തീൻ കവിത

അമ്മേ,
എന്റെ ചങ്ങാതിമാർ എനിയ്ക്കുവേണ്ടി
വാതിൽക്കൽ മുട്ടുമ്പോൾ
നിങ്ങൾ പൊട്ടിക്കരയുന്നു എന്നതു്
അമ്മേ,
എന്നെ വേദനിപ്പിയ്ക്കുന്നു.
വാഴ്വിന്റെ നിറപ്പൊലിമ
എന്റെ തടവറയിൽ പിറന്നുവെന്നു്
ഞാൻ വിശ്വസിയ്ക്കുന്നു
എന്റെ അവസാനത്തെ അതിഥി
കരുതനായ ഒരു കടവാതിലാവില്ലെന്നും
ഞാൻ വിശ്വസിയ്ക്കുന്നു.
പകൽ പിറക്കുന്നു
പകൽ പിറക്കുന്നു.

പാലസ്തീൻ കവിതകൾ

നഗരത്തിന്റെ മുറിവ്
ആസാദ് അൽ ആസാദ്

യരൂ ശലേം!
എന്റെ മുഖം നിന്നിൽ
എനിയ്ക്കു നഷ്ടമായി.
എല്ലാ പ്രവാചകരെയും
എനിയ്ക്കു നഷ്ടമായി
എന്റെ ദേശമേ,
പിന്തിരിയുന്നവൻ
കൊടുങ്കാടുകളിലെക്രൂരമൃഗങ്ങൾക്കിരയായി
നാടോടി സംഘത്തിന്റെ
പിന്നിൽ
ഒറ്റപ്പെട്ട പോകുന്നുവെന്നു
നിന്റെ പൊറുപ്പ് എന്നെ പഠിപ്പിച്ചു.
സ്വന്തം കരുത്തു കളഞ്ഞുവൻ
ചെന്നായ്ക്കളോട് യാചിക്കുമ്പോൾ
തന്റെ സ്വന്തം മുറിത്തേയ്ക്കു
സർവ്വ നാശം
ക്ഷണിച്ചു വരുത്തുകയാണെന്നും
അതെന്നെ പഠിപ്പിച്ചു.

ദേശത്തിന്റെ കൂട്ടുകാരൻ
സലിം ജുബ്രാൻ

നിങ്ങൾക്കു് എന്റെ ഗ്രാമത്തിലെ
സർവ്വ ഗൃഹങ്ങളും
ഒന്നും ബാക്കിവെയ്ക്കാതെ
ഉഴുതെറിയാം
നിങ്ങൾക്കു് എന്റെ റബ്ബകു് 1
തട്ടിപ്പറിയ്ക്കാം;
അതിന്റെ കമ്പികളും മുറിച്ചു്
അതു കത്തിയ്ക്കാം.
എങ്കിലും
നിങ്ങൾക്കു് എന്റെ പാട്ടിനെ
ഞെക്കിക്കൊല്ലാനാവില്ല:
കാരണം
ഞാൻ എന്റെ ദേശത്തിന്റെ
സ്നേഹിതനാണു്;
കാറ്റിന്റെയും മഴയുടെയും
പാട്ടുകാരനാണു്.

1 റബ്ബകു്: ഒരു വാദ്യം

അനശ്വരമായ പാലസ്തീൻ

മഹത്വമേറിയ,
മഹത്വമേറിയ രാജ്യമേ,
മെതിയന്ത്രങ്ങളും ഇനിയും തിരിയും
വേദനയുടെ മങ്ങിയ രാവുകളിൽ
അവ ഇനിയും തിരിയും
പക്ഷെ
നിന്റെ പ്രകാശത്തെ
തകർക്കാനാവാത്ത വണ്ണം
അവ തീരെ ചെറുതാണു്.
നിന്റെ ചവുട്ടിയരയ്ക്കപ്പെട്ട പ്രത്യാശകളിൽ നിന്നും
നിന്റെ ക്ലേശിതമായ ഉത്ഥാനത്തിൽ നിന്നും

നാബ്ലസ്

നിന്റെ പറിച്ചെടുക്കപ്പെട്ട മന്ദസ്മേരങ്ങളിൽ നിന്നു്,
കുഞ്ഞുങ്ങളുടെ പുഞ്ചിരികളിൽ നിന്നു്,
തകർച്ചയിൽ നിന്നു്,
പീഡനങ്ങളിൽ നിന്നു്,
ചോര കട്ട പിടിച്ച ചുമരുകളിൽ നിന്നു്,
ജനി മൃതികളുടെ
വിറങ്ങലിപ്പിൽ നിന്നു്,
പുതിയൊരു ജീവിതമുയരും.
പിന്നീടു്,
ആഴത്തിൽ മുറിവേറ്റ
മഹത് രാജ്യമേ,
ഇവിടം സ്നേഹം കൊണ്ടു നിറയ്ക്കും.

നാട്ടിലേയ്ക്കില്ലാതെ പിന്നെങ്ങോട്ട്? എനിയ്ക്ക് എന്റെ നാട് വേണം.

അവ്നേരി: നിങ്ങളും പാലസ്തീനെന്ന പറയുമ്പോൾ അതു കൊണ്ടെന്താണ് ഉദ്ദേശിയ്ക്കുന്നത്?

അരാഫത്ത്: ഞങ്ങളോ? ഭൂവൻ പാലസ്തീൻ. നിങ്ങൾക്കും ഞങ്ങൾക്കുമായി.

അവ്നേരി: നമുക്കൊത്തുതീർപ്പിച്ചെന്നോ?

അരാഫത്ത്: ഒത്തുതീർപ്പ് തന്നെ. എന്തുകൊണ്ടായിക്കൂടാ?

അവ്നേരി: നിങ്ങളും പാലസ്തീൻകാർക്കായി ഒരു പ്രത്യേക രാഷ്ട്രം വേണമെന്ന പറയില്ലേ?

അരാഫത്ത്: ഞങ്ങളുടെ പ്രധാന മുദ്രാവാക്യം നിങ്ങൾക്കറിയാം: ഒരു ജനാധിപത്യ മതേതര രാഷ്ട്രം. ഇതൊരു പോംവഴിയല്ലെങ്കിൽ പിന്നെ രണ്ടു വേറെ രാജ്യങ്ങളും.

അവ്നേരി: പാലസ്തീന്റെ ഏതു ഭാഗമാണ് നിങ്ങളും രാഷ്ട്രമായി സ്വീകരിക്കുക?

അരാഫത്ത്: ഇസ്രായേൽ വിട്ടുപോകുന്ന ഏതു ഭാഗവും; അല്ലെങ്കിൽ സ്വതന്ത്രമാക്കപ്പെടുന്ന ഒരു ഭാഗം. ഏതു ഭാഗവും.

അവ്നേരി: ഇതിനെ സമാധാനമെന്നും, യഥാർത്ഥ സമാധാനമെന്നും വിളിയ്ക്കാമോ?

അരാഫത്ത്: ആവാം സത്യമായും. പാലസ്തീൻകാർക്കല്ല, ഇസ്രയേലികൾക്കാണ് ഇതിനോടെതിർപ്പ്. ഇനിയും 10, 20, 50 വർഷം കഴിയുമ്പോഴും ഇസ്രായേലിനെ പിടിച്ചു നില്ക്കാനാവുമോ? ലെബനണിൽ പാലസ്തീൻകാർവെടിയേറ്റു വീണാലും, മറ്റുഭാഗങ്ങളിൽ അവർ ജീവനോടെയുണ്ടാവും.

അവ്നേരി പിന്നീടും എഴുതുന്നു: ഇതിനു മുമ്പൊരിയ്ക്കലും പി എൽ ഒ ശാന്തിയ്ക്കായി ഇത്രയേറെ സന്നദ്ധമായിട്ടില്ല. പ്രത്യേകിച്ചും ഒരു ഇസ്രയേലിയോട് സംസാരിയ്ക്കുമ്പോൾ. ഇതൊരവസരമാണ് ഇസ്രയേലിനും. അതു മുതലെടുക്കാൻ, ബെഗിൻ ഒരു ഡീഗാളല്ലല്ലോ. ഷാരോണിന്റെ മനസ്സും വ്യത്യസ്തമുമാണും പിരിയുമ്പോൾ, അരാഫത്ത് അവ്നേരിയോട് ചോദിച്ചു: നിങ്ങൾ ഇനി നേരെ വീട്ടിലേയ്ക്കാണോ? അതെ, അവ്നേരി പറഞ്ഞു സങ്കടത്തോടെ അരാഫത്ത് തിരിച്ചു ചോദിച്ചു: എന്തുകൊണ്ട് ഞങ്ങൾക്കും പോയിക്കൂടാ?

യാസർ അരാഫത്ത്

